നം.കെഎസ്എ.കെടിഎം.പി 13-177/2020 തീയതി 19.03.2020

# കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2018മുതൽ 31-12-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 13-2-2020-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ. സാബു.സി.ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2019 മുതൽ 13.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ്.എം | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.കൊച്ചുമോൾ.എം | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീ.ഷാജിമോൻ.പി.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.എം | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഗ്രേസി കരിമ്പന്നൂർ | 01.04.2018 മുതൽ 05.06.18 വരെ |
| | ശ്രീമതി ലിസി ബേബിച്ചൻ | 06.06.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ ബിജുകുമാർ എം. | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ കെ.എൻ.രാധാകൃഷ്ണൻ നായർ | 23.06.2018 മുതൽ 08.10.2018FN വരെ |
| | ശ്രീ.വി.കെ.രാജീവ് | 08.10.2018AN മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീതോമസ് ബോബി മാത്യു | 01.04.2018 മുതൽ 31.03.2019വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ബിനോയ് പി മാത്യു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ. പ്രദീപ് എബ്രഹാം | 01.04.2018 മുതൽ 06.03.2019വരെ |
| | ഡോ.രമ്യ.എം | 07.03.2019 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. സുകുമാരി | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ.നാൻസമ്മ തമ്പി | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി സനമകുമാരി റ്റി എസ് | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ബീന സി ജെ | 01.04.2018മുതൽ 31.03.2019വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ഷാന്റി എ കെ | 01.04.2018മുതൽ 31.03.2019വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01.04.2018മുതൽ 31.03.2019വരെ |
| ഡയറിഎക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി ഉദയകല പി | 01.04.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി വിജി വിശ്വനാഥ് | 19.09.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ലൈസാമ്മസേവ്യർ | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നം | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |

| | |
|---|---|
| 1-4 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-5 | ക്യാഷ് വെരിഫിക്കേഷൻ |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയും വിശകലനവും |
| 1-8 | പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല |
| 1-9-1 | വാസഗൃഹം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തി വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു |
| 1-9-2 | പഞ്ചായത്തിന്റെ അനുമതി കൂടാതെ അനധികൃതമായി റൂഫ് നിർമ്മിച്ച് ഉപയോഗിക്കുന്ന കെട്ടിടഭാഗം വസ്തു നികുതിയിൽ നിന്ന് ഒഴിവായി |
| 1-9-3 | യഥാർത്ഥ ഉപയോഗക്രമത്തിനല്ലാതെ നികുതി നിർണ്ണയം നടത്തിയതിനാൽ നികുതി വരുമാനത്തിൽ കുറവ് വരുന്നു |
| 1-10-1 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 1-10-2 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 1-10-3 | ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 1-11 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ചട്ടപ്രകാരം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല |
| 1-12 | വാടകരഹിതമായി പഞ്ചായത്ത് വക വസ്തു നൽകി |
| 1-13 | വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് – പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്തു |
| 1-14 | ഫോട്ടോകോപ്പിയർ വാങ്ങൽ നൽകിയത് – അധിക നിരക്ക് |
| 1-15 | ശിശുമന്ദിരം അപകടാവസ്ഥയിൽ- ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തനം തുടരുന്നു- അധികാരികളുടെ അനാസ്ഥ |
| 1-16 | ശിശുമന്ദിരത്തിന് കിണർ നിർമ്മാണം 83256 രൂപയുടെ ഫലപ്രദമല്ലാത്ത ചെലവ് |
| 1-17 | ഗവ. യു പി സ്കൂളിൽ അദ്ധ്യാപക നിയമനം- ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തികൾക്ക് തുക ചെലവഴിച്ചു |

| | |
|---|---|
| 1-18 | പുറവന്താനം കുടിവെള്ള പദ്ധതി – ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം എംഎൽഎ ഫണ്ട് പാഴായി |
| 1-19 | ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ നിയമനം- സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം |
| 1-20 | ഗ്രാമപഞ്ചായത്ത് വാഹനം- പ്രളയത്തിൽപ്പെട്ട് തകരാറിലായി – ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല |
| 1-21 | നാഷണൽ റർബൻ മിഷൻ- പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ – മണർകാട് ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം |
| 1-22 | സെപ്റ്റിക് ടാങ്ക് നിർമ്മാണം – മണ്ണ് നീക്കം ചെയ്യൽ മാത്രമാക്കി പ്രവൃത്തി അവസാനിപ്പിച്ചു |
| 1-23 | അരീപ്പറമ്പ് ക്ഷേത്രക്കുളം പുനരുദ്ധാരണഫണ്ട് – 5 വർഷക്കാലമായി ചെലവഴിക്കാതെ സൂക്ഷിക്കുന്നു |
| 1-24 | പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം- നടപടിക്രമങ്ങൾ പാലിച്ചില്ല |
| 1-25 | പ്രിന്റിംങ് ജോലികൾ- പ്രിന്റിംങ് സ്ഥാപനത്തിന് തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല |
| 1-26 | ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് പ്രവൃത്തി – കരാറുകാരന് അധികതുക നൽകി |
| 1-27 | നിയമാനുസൃത കാലയളവിൽ കരാർ ചമയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല |
| 1-28 | എരുമപ്പെട്ടി പഴയ കെ. കെ. റോഡ് – ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് – അപാകതകൾ |
| 1-29 | മണ്ണ് ഫില്ലിംഗ് പ്രവൃത്തി – തുടർനടപടികൾ സ്വീകരിച്ചില്ല |
| 1-30 | കട്ടിൽ വിതരണ പ്രോജക്ട് – ഒരേ വർഷം വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തി |
| 1-31 | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി |
| 1-32 | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് വിതരണം- തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല |
| 1-33 | വലിയ ഊഴം പട്ടികവർഗ്ഗ സാംസ്കാരിക നിലയം – ത്രിതല പഞ്ചായത്തിന്റെയും സർക്കാരിന്റെയും വിവിധ പദ്ധതി ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ ഗുരുതരമായ വീഴ്ച |

| | |
|---|---|
| 1-34 | മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമല്ല |
| 1-35 | ഇ- ടെൻഡർ തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമാക്കിയിട്ടില്ല |
| 1-36 | നെൽകൃഷി – കൂലി ചെലവ് സബ്സിഡി നൽകൽ – ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കുന്നില്ല |
| 1-37 | പാലിയേറ്റീവ് കെയർ ആംബുലൻസ് – ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ |
| 1-38 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 1-39 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ക്രമപ്രകാരമല്ലാതെ അക്കൗണ്ട് സൂക്ഷിക്കുന്നു- ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല |
| **ഭാഗം 2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് പ്രവൃത്തി – കരാറുകാരന് അധികതുക നൽകി |
| 3-2 | എരുമപ്പെട്ടി പഴയ കെ. കെ. റോഡ് – ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് – അപാകതകൾ |
| 3-3 | സെപ്റ്റിക് ടാങ്ക് നിർമ്മാണം – മണ്ണ് നീക്കം ചെയ്യൽ മാത്രമാക്കി പ്രവൃത്തി അവസാനിപ്പിച്ചു |
| 3-4 | നിയമാനുസൃത കാലയളവിൽ കരാർ ചമയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 4-7 | ഓഡിറ്റ് റിക്കവറി |

| | |
|---|---|
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.03.2018 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 13915265 | 30260010.65 |
| വരവ് | 270193000 | 123214927 |
| ആകെ | 284108265 | 153474937.65 |
| ചെലവ് | 281441000 | 91064662 |
| നീക്കിയിരിപ്പ് | 2667265 | 62410275.65 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും മതിയായ ശ്രദ്ധ പതിയേണ്ടതാണ്.

### 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | 0 | 14189875 | 14189875 | 13330335 | 859540 | 93.9 |
| വികസനഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 0 | 3917000 | 3917000 | 3606363 | 310637 | 92.06 |
| വികസനഫണ്ട് ടി.എസ്.പി (ACR പ്രകാരം) | | 0 | 482000 | 482000 | 400689 | 81311 | 83.13 |
| സംരക്ഷണഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 10895000 | 10895000 | 7814952 | 3080048 | 71.73 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | | 0 | 2999000 | 2999000 | 2962719 | 36281 | 98.79 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8493993 | 8493993 | 3344536 | 5149457 | 39.37 |
| ജനറൽ പർപ്പസ് ഫണ്ട് (ACR പ്രകാരം) | | 0 | 10674170 | 10674170 | 6386975 | 4287195 | 59.83 |
| MGNREGS | തൊഴിലാ-ളികളുടെ കൂലി | 0 | 9348838 | 9348838 | 9348838 | 0 | 100 |
| | ഭരണ ചെലവ് | 2505 | 400617 | 403122 | 403122 | 0 | |
| സാക്ഷരത | | 2372 | 59 | 2431 | 0 | 2431 | 0 |
| ജോയിന്റ് വെഞ്ചർ | | 241954 | 6288906 | 6530860 | 3178021 | 3352839 | 48.66 |
| റർബൻ മിഷൻ | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 10776144 | 9311669 | 20087813 | 20087813 | 0 | 44 |
| | സൗത്ത് ഇന്ത്യൻ ബാങ്ക് | 0 | 46610239 | 46610239 | 9264280 | 37345959 | |

| | | | | | | |
|---|---|---|---|---|---|---|
| അരീപ്പറമ്പ് ക്ഷേത്രക്കുളം പുനരുദ്ധാരണ ഫണ്ട് | 2000100 | 0 | 2000100 | 0 | 2000100 | 0 |
| ലൈഫ് പദ്ധതി | 0 | 6761063 | 6761063 | 6759410 | 1653 | 99.97 |
| ശുചിത്വ മിഷൻ | 410086 | 1524126 | 1934212 | 166739 | 1767473 | 8.62 |
| തനത് ഫണ്ട് | - | 19150117 | - | 12165465 | - | തനത് ഫണ്ടിന്റെ മാത്രമായ മുന്നിരിപ്പ്/ നീക്കിയിരിപ്പ് കൃത്യമായി നിർണ്ണയി ച്ചിട്ടില്ല |

**ക്ഷേമപദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33360 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 1129200 | 269 |
| വിധവ പെൻഷൻ | 2429300 | 569 |
| വാർദ്ധക്യകാലപെൻഷൻ | 10387700 | 2291 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 998800 | 235 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്ക് പെൻഷൻ | 94800 | 23 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-3 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 1.3.2019ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 07.02.2018 |

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16.02.2018 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 01.03.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 24.02.2018 |
| വികസനസെമിനാർ | 09.03.2018 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2018-19 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 9.53/- കോടി രൂപയും ആകെ ചെലവ് 4.25/-കോടി രൂപയുമാണ്. ചെലവുശതമാനം 45%. അംഗീകാരം ലഭിച്ച 242 പ്രോജക്ടുകളിൽ 160 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2458888 | 2082439 |
| വെറ്ററിനറി സർജൻ | 3 | 3 | 1812200 | 931100 |
| ഐസിഡിഎസ് സൂപ്പർവൈസർ | 4 | 4 | 2725000 | 2534262 |
| വിഇഒ | 10 | 6 | 18715966 | 11889124 |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 4 | 3 | 700000 | 469819 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 180000 | 170950 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 580000 | 319206 |
| സെക്രട്ടറി | 20 | 14 | 7486726 | 2128044 |
| എച്ച് എം | 7 | 7 | 1697000 | 1691880 |
| അസി.എഞ്ചിനീയർ | 178 | 107 | 57739226 | 19128075 |
| അസി.സെക്രട്ടറി | 6 | 6 | 318333 | 316115 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 900000 | 900000 |
| **ആകെ** | 242 | 160 | 95313339 | 42561014 |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 95.17 ലക്ഷം രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു**

2018-19 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 77% മാത്രമാണ്. പൊതുവിഭാഗം, എസ്‌സിപി, ടിഎസ്‌പി വിഭാഗത്തിൽ മികച്ച ചെലവ് ശതമാനമാണെങ്കിലും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം 39.37% മാത്രമേ തൻവർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. കൂടാതെ റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം 72% മാത്രമാണ്. വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്/മറ്റ് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളുടെ 40% തുക പോലും തൻവർഷം ചെലവഴിക്കാനായില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 178 പ്രോജക്ടുകളിൽ 107 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 33%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയോ വേണ്ട നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടത് മൂലം ലാപ്സായി പോയ സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലാപ്സായ തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 859540 |
| എസ് സിപി | 310637 |
| ടി എസ് പി | 81311 |
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 3080048 |
| റോഡിതരമെയിന്റനൻസ് ഗ്രാന്റ് | 36281 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5149457 |
| ലാപ്സായ ആകെ തുക | 9517274 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 95.17 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

**സുലേഖ ചെലവ് പത്രികയിലെ അപാകത-ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്നു**

സുലേഖ സോഫ്റ്റ്‌വെയറിൽ പദ്ധതിച്ചെലവുകൾ രേഖപ്പെടുത്തുന്നതിൽ ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഹഡ്കോ വായ്പ തുകയും തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച പല തുകകളും ഉൾപ്പെടെ ചെലവുപത്രികയിൽ ചെലവ് രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഉദാഹരണമായി പ്രോജക്ട് നം.154/19 പഞ്ചായത്തിൽലൈഫ് ഭവനനിർമ്മാണം പ്രൊജക്റ്റിനായി ഹഡ്കോ വായ്പയായി 28,80,000/-രൂപ ലഭിച്ചതിൽ 15,08,773/- രൂപ മാത്രം ചെലവഴിച്ചതായിട്ടാണ് സുലേഖചെലവ് പത്രികയിൽ കാണുന്നത്. കൂടാതെ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് ചെലവഴിക്കുന്ന തുകകളും ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തുന്നില്ല. തനത് ഫണ്ട് ചെലവ് വിവരങ്ങൾ വെബ് സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിഴവാണ് ഇത്തരത്തിൽ ഒരു സാഹചര്യം സംജാതമാക്കിയത്. ഈ രീതിയിൽ നിരവധി പ്രോജക്ടുകളുടെ ചെലവ് തുകയിൽ വന്ന കുറവ് ഗ്രാമപഞ്ചായത്തിന്റെ ആകെ ചെലവ് ശതമാനത്തിൽ കുറവായി പ്രതിഫലിക്കുന്ന സ്ഥിതിയാണ്

നിലവിലുള്ളത്.

നാഷണൽ റർബൻ മിഷന്റെ ഭാഗമായി ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടും കൺവർജൻസ് ഫണ്ടും ഉപയോഗിച്ച് നടപ്പാക്കാൻ തയ്യാറാക്കിയ പ്രോജക്റ്റുകൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയത്. (ഉദാ. പി എച്ച് സി നിർമ്മാണം പ്രോജക്റ്റ് നം. 273/19) ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് മാത്രം ഉപയോഗിച്ചുള്ള പ്രോജക്റ്റുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നേരിട്ട് നിർവ്വഹിക്കുകയായിരുന്നു. നാളിതുവരെ 15.99 കോടി രൂപ അടങ്കലായുള്ള പ്രോജക്റ്റുകൾക്കായി 5.46 കോടി രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നുവെങ്കിലും 5.07 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. പതിനേഴിലേറെ പ്രോജക്റ്റുകൾ റർബൻ മിഷന്റെ റിവിഷനായി നൽകേണ്ടി വന്നതും 3 പ്രോജക്റ്റുകൾ ഉപേക്ഷിക്കേണ്ടി വന്നതും ഡിപിആർ തയ്യാറാക്കുന്നതിലെ അപാകത മൂലമാണ്. നാഷണൽ റർബൻ മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയുമായി ശരിയായ രീതിയിൽ ഏകോപിപ്പിച്ചിട്ടില്ല.

**വർക്കിങ്ങ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല**

വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിങ്ങ് ഗ്രൂപ്പുകളും 16.2.18ന് യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. പൊതുമരാമത്ത്, പ്രാദേശിക സാമ്പത്തിക വികസനം, പൊതുഭരണം, ധനകാര്യം, കുടിവെള്ളം, ശുചിത്വം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട വർക്കിംങ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംങ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**വികസനകാര്യം**

2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. മരാമത്ത് പ്രവൃത്തികൾക്കായി തയ്യാറാക്കിയിരുന്ന 71 പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. സ്റ്റാന്റിംങ് കമ്മറ്റിയുടെ കീഴിലുള്ള വർക്കിംങ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിരീക്ഷിച്ചിരുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

**ധനകാര്യം**

ധനകാര്യസ്റ്റാന്റിംങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്റ്റ് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ കീഴിലുള്ള ബന്ധപ്പെട്ട വർക്കിംങ് ഗ്രൂപ്പുകളും യാതൊരു പ്രവർത്തനങ്ങളുമില്ലാതെ നിർജ്ജീവമായിരുന്നുവെങ്കിലും സ്റ്റാന്റിംങ് കമ്മറ്റി ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ല.

**ആരോഗ്യം/വിദ്യാഭ്യാസം**

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്റ്റ് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നുവെങ്കിലും അതിന്റെ കീഴിലുള്ള വർക്കിംങ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നില്ലായെന്ന് കാണുന്നു. ആരോഗ്യം, കുടിവെള്ളം/ശുചിത്വം, വിദ്യാഭ്യാസം/സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംങ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ സ്റ്റാന്റിംങ് കമ്മറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നില്ലായെന്ന് കാണുന്നു.

**ക്ഷേമകാര്യം**

പ്രോജക്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് നിരവധി ശുപാർശകൾ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട വർക്കിംങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, ദാരിദ്ര്യലഘൂകരണം, സാമൂഹ്യക്ഷേമം എന്നീ വർക്കിംങ് ഗ്രൂപ്പുകൾ

യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല.

### 1-4 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാവാങ്ങലുകളും രേഖപ്പെടുത്തൽ വരുത്തുന്നില്ല. മാത്രമല്ല രേഖപ്പെടുത്തിയ ഉപകരണങ്ങളുടെ വില, സ്പെസിഫിക്കേഷൻ വാങ്ങൽ നടത്തിയ സ്ഥാപനത്തിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധതരം ആസ്തികളുടെ മൂല്യം നിശ്ചയിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. തന്മൂലം വികസന ഫണ്ടും സംരക്ഷണ ഗ്രാന്റും വിനിയോഗിച്ച് ആസ്തികളുടെ നിർമ്മാണ/സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തത് ആയവയുടെ നിരാക്ഷേപ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതിന് ശേഷമാണോയെന്ന് ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല (പ്രത്യേകിച്ചും റോഡ് ആസ്തികൾ).

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മെയ് 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് നവംബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി അന്തിമ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യം നിലനിൽക്കുന്നു (ഉദാ- കുടിവെള്ള പദ്ധതികൾ).

### 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.02.2020 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14201/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/05/2019 | 03/2019,04/2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016-17 | 2012-13 മുതൽ 2014-15 വരെ | LBAL9(HQ)II/I/ 8A/2169/174 dtd.24.07.2017 |

### 1-7 വാർഷിക കണക്കുകളുടെ അവലോകനം

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച്

ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിന്നും നൽകിയ ചുവടെ ചേർക്കുന്ന കാലഹരണപ്പെട്ട ചെക്കുകളുടെ മൂല്യം Liablity in Respect of Stale Cheque ശീർഷകത്തിലേക്ക് മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല

| ചെക്ക് നം., തീയതി | തുക |
|---|---|
| 874346, 29.10.2018 | 1000 |
| 545780, 05.10.2017 | 3500 |
| 580188, 22.03.2018 | 3000 |
| 360381, 11.07.2018 | 325 |
| 874266, 29.11.2018 | 7500 |

5. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

| ശീർഷകം | വിവരണം | തുക |
|---|---|---|
| 320200202 | ഫണ്ട് ഫോർ ട്രാൻസ്ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻസ്-അനിമൽ ഹസ്ബൻഡറി | 3,60,397 |
| 320200307 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് | 3,68,275 |
| 320200322 | ശുചിത്വ മിഷൻ ധനസഹായം | 17,67,473 |
| 320200399 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് | 15,150 |
| 320300103 | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1,71,000 |
| 320800101 | ഗുണഭോക്തൃ വിഹിതം | 2,56,991 |

6. ബാലൻസ് ഷീറ്റ് ബി-8 ഷെഡ്യൂളിൽ 341300101- ഡെപോസിറ്റ് വർക്ക് ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

7. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

| ശീർഷകം | വിവരണം | തുക |
|---|---|---|
| 350200201 | ആദായ നികുതി | 24,221 |
| 350410401 | അഡ്വാൻസ് കളക്ഷൻ- വാടക | 7,108 |

| | | |
|---|---|---|
| 350800119 | ലയബിലിറ്റി ഫോർ പ്രോഗ്രാം, സ്കീം എക്സ്പെൻഡിച്ചർ | 4,504 |
| 350300104 | ഗവൺമെന്റ് &അദർ ഡ്യൂസ് പേയബിൾ - സർവ്വീസ് ടാക്സ് | 4,75,151 |

8. ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല

| ശീർഷകം | വിവരണം | തുക |
|---|---|---|
| 460500399 | അഡ്വാൻസ് ടു ഓതറൈസ്ഡ് ഏജൻസീസ് | 4,00,000 |
| 460500404 | അഡ്വാൻസ് ടു സോഷ്യോ ഇക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ | 3,00,000 |
| 460500499 | അഡ്വാൻസ് ടു അക്രഡിറ്റഡ് ഏജൻസീസ് | 13,59,532 |
| 460600101 | ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് | 3,19,362 |
| 460600103 | വാട്ടർ ഡെപ്പോസിറ്റ് | 2,50,600 |

9. തൻവർഷം ചെലവവിച്ച മുൻ വർഷത്തെ Administrative/Establishment ചെലവുകൾക്കും അടുത്ത വർഷത്തേക്ക് മാറ്റി വെച്ചിട്ടുള്ള തൻവർഷത്തെ ചെലവുകൾക്കും പ്രൊവിഷൻ നൽകിയിരുന്നില്ല.
10. ക്യാഷ്ബുക്ക് നീക്കിയിരിപ്പ് യഥാർത്ഥ ക്യാഷ് നീക്കിയിരിപ്പിനെക്കാൾ 11,789/- രൂപ അധികമാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.
11. മണർകാട് ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗത്തിലെ രണ്ട് ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിലുള്ള 5000/രൂപ പള്ളിക്കത്തോട് സബ്.ട്രഷറിയിൽ നിന്നും ലഭിച്ചത് ഉൾപ്പെടാത്ത തുകയാണ് തൊഴിൽ നികുതി ഇനത്തിൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-8 പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിലും ഇവയ്ക്കായുള്ള പ്രത്യേക ബാങ്ക് അക്കണ്ടുകളിലും സൂക്ഷിക്കുന്നുണ്ട്. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടി തുകകളുടെ നീക്കിയിരിപ്പ് താഴെ വിവരിക്കും പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320200322 | ശുചിത്വ മിഷൻ ഗ്രാന്റ് | 1767473 |
| 2 | 320200202 | മൃഗസംരക്ഷണവകുപ്പ് ഫണ്ട് | 360397 |
| 3 | 320200307 | എംഎൽഎ ഫണ്ട് | 368275 |
| 4 | 320200399 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ | 15150 |
| 5 | 320700204 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ബ്ലോക്ക് പഞ്ചായത്ത് | 2468295 |
| 6 | 320700305 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്- ജില്ലാ പഞ്ചായത്ത് | 1000000 |
| 7 | 320300103 | സമ്പൂർണ്ണ ശുചിത്വം | 171000 |
| 10 | 320900101 | നിർമ്മൽ പുരസ്കാർ-അവാർഡ് തുക | 250000 |

മേൽ തുകകൾ ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഗ്രാമപഞ്ചായത്തിൽ നിന്നും പൂരകമായ വിഹിതം കണ്ടെത്തി തുകകൾ വിനിയോഗിച്ച് നിർദ്ദിഷ്ട ലക്ഷ്യം/ ഭൗതിക നേട്ടം കൈവരിക്കാത്തത് ഭരണപരമായ കാര്യക്ഷമതയില്ലായ്മ വെളിവാക്കുന്നു. ടി തുകകൾ 2019-20 വർഷം വിവിധ പദ്ധതികൾക്കായി വകയിരുത്തി നടപ്പിലാക്കുവാൻ സാധിക്കാത്ത പക്ഷം തുക അനുവദിച്ച ഏജൻസികളിലേക്ക് തിരിച്ചടയ്ക്കേണ്ടതായി വരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി മാറുന്നതാണ്. പ്രത്യേക ഉദ്ദേശത്തോടെ ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ സജീവശ്രദ്ധ ക്ഷണിക്കുന്നു.

### 1-9-1 വാസഗൃഹം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തി വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

മണർകാട് ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ (സഞ്ചയ) പരിശോധിച്ചതിൽ വാസഗൃഹം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ പല കെട്ടിടങ്ങളും വാണിജ്യ /വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ/ കെട്ടിട നമ്പർ ഉടമയുടെ വിവരം | നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗം | തറ വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച നികുതി നിരക്ക് (രൂപ) | ലൈസൻസ് രജിസ്റ്റർ പ്രകാരം സ്ഥാപനത്തിന്റെ ഉപയോഗക്രമം | നികുതി നിർണ്ണയിക്കേണ്ട യഥാർത്ഥ ഉപയോഗക്രമം/ നികുതി നിരക്ക് (രൂപ) |
|---|---|---|---|---|---|---|
| 1 | 1/323-C/ ജോർജ് വർഗീസ് ചിറക്കാട്ട് | പാർപ്പിടാവശ്യം | 200 | 6 ലൈസൻസ് നമ്പർ- എ6/1012/ 18/304/ 14.10.18 | ഹോളോബ്രിക്സ് നിർമ്മാണം | ഇതര വ്യവസായ ആവശ്യം 40/ രൂപ |
| 2 | 1/57 സെക്രട്ടറി, തിരുവഞ്ചൂർ ക്ഷീരവ്യവസായ സംഘം | പാർപ്പിടാവശ്യം | 50 | 6- ലൈസൻസ് നമ്പർ- എ6/2415/ 18/377/ 30.8.18 | പാൽ കളക്ഷനം വിൽപനയും | വാണിജ്യാവശ്യത്തിനുള്ളവ 30/രൂപ |
| 3 | 3/338- കെ.വി.സുരേഷ്, പാറയിൽ | പാർപ്പിടാവശ്യം | 60 | 6 ലൈസൻസ് നമ്പർ- എ6/5133/ 18/393/ 118.9.18 | ഫ്ലവർ മിൽ | ഇതര വ്യവസായ ആവശ്യം 40/ രൂപ |

മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/12.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്നത് പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിലുണ്ടായ കുറവ് പരിഹരിച്ച് വിവരം അറിയിക്കേണ്ടതും ഇത്തരം പിഴവുകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-9-2 പഞ്ചായത്തിന്റെ അനുമതി കൂടാതെ അനധികൃതമായി റൂഫ് നിർമ്മിച്ച് ഉപയോഗിക്കുന്ന കെട്ടിട ഭാഗം വസ്തു നികുതിയിൽ നിന്ന് ഒഴിവായി

ഗ്രാമ പഞ്ചായത്തിലെ വാർഡ് XV ൽ ഫെന്നി എബ്രഹാം, വെളിയംകുന്നത്ത് എന്നയാളുടെ ഉടമസ്ഥതയിലുള്ള 186, 187,190,191, 192, 192A,192B എന്നീ നമ്പരുകളിലുള്ളതുമായ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയത്തിൽ അപാകത വന്നിട്ടുള്ളതായി കാണുന്നു. പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 186, 187, 190 എന്നീ നമ്പരുകളിലായാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്ററിൽ | നികുതി നിർണ്ണയം നടത്തിയ ഉപയോഗക്രമം, നിരക്ക് | നികുതി നിർണ്ണയം നടത്തേണ്ട ഉപയോഗക്രമം, നിരക്ക് |
|---|---|---|---|
| XV/ 186 | 99 | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്റർവരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ 30രൂപ | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ- 50രൂപ |
| XV/ 187 | 63.75 | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ- 50രൂപ | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ- 50രൂപ |
| XV/ 190 | 19 | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ- 50രൂപ | വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ- 50രൂപ |

സഞ്ചയ സോഫ്റ്റ് വെയറിലെ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നില മൂന്ന് കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയം നടത്തുകയും 187,190 എന്നീ നമ്പരുകൾ നൽകിയിട്ടുള്ള കെട്ടിട ഭാഗങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള 100ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവയ്ക്ക് ബാധകമായ 50രൂപ (ചതുരശ്ര മീറ്ററിന്) നിരക്കിൽ നികുതി നിർണ്ണയിക്കുകയും, 186 നമ്പർ നൽകിയിട്ടുള്ള കെട്ടിട ഭാഗത്തിന് 100ച.മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമായ 30രൂപ നിരക്കിൽ നികുതി നിർണ്ണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത നടപടി മൂലം 99/ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ചതുരശ്ര മീറ്ററിന് 20/രൂപ വച്ച് അടിസ്ഥാന വസ്തു നികുതിയിൽ കുറവ് വന്നതായി കാണുന്നു.

വാസഗൃഹം എന്ന ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയ 192B നമ്പർ കെട്ടിടം വാസഗൃഹം എന്ന ഉപയോഗക്രമത്തിനല്ലാതെ കെട്ടിടത്തിന്റെ ഒന്നാം നില വാടകയ്ക്കെടുത്തിട്ടുള്ള സ്ഥാപനം ഉപയോഗിക്കുന്നതായി കണ്ടു. (192A നമ്പർ കെട്ടിടത്തിന്റെ ഉപയോഗക്രമം വ്യക്തമല്ല). ഫെന്നി എബ്രഹാമിന്റെ

ഉടമസ്ഥതയിലുള്ള മേൽ പ്രസ്താവിച്ച കെട്ടിടത്തിന് താഴത്തെ നില, ഒന്നാം നില. രണ്ടാം നില എന്നിങ്ങനെയാണ് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് 12.02.2020 തീയതിയിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടത്തിന്റെ റൂഫ് നിർമ്മിച്ച് അടവാക്കിയെടുത്ത് എ.സി.ഉൾപ്പടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടത്തിന്റെ ഒന്നാം നില വാടകയ്ക്കെടുത്തിട്ടുള്ള സ്ഥാപനം ഉപയോഗിക്കുന്നതായി കണ്ടു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/12.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് പരിശോധിച്ച് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-9-3 യഥാർത്ഥ ഉപയോഗക്രമത്തിനല്ലാതെ നികുതി നിർണ്ണയം നടത്തിയതിനാൽ നികുതി വരുമാനത്തിൽ കുറവ് വരുന്നു

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/11 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 30/ രൂപയായും, ഇതരവ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ച. മീറ്ററിന് 40/ രൂപയായും, വ്യവസായ ആവശ്യത്താനായുള്ള കൈത്തറി ഷെഡ് കയർപിരി ഷെഡ് എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 10/രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മറ്റിയുടെ 01-12-11-ലെ 1-(2) നമ്പർ തീരുമാനം). എന്നാൽ വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, ലൈസൻസ് സംബന്ധിച്ച രേഖകളും പരിശോധിച്ചതിൽ നിരവധിയായ കെട്ടിടങ്ങളുടെ ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ നികുതി നഷ്ടം (ആവർത്തന നഷ്ടം) സംഭവിക്കുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്നമ്പർ/ കെട്ടിട നമ്പർ ഉടമയുടെ വിവരം | നികുതി നിർണ്ണയം നടത്തിയ ഉപയോഗം | തറ വിസ്തീർണ്ണം ച. മീറ്ററിൽ | നിർണ്ണയിച്ച നികുതി നിരക്ക് ച. മീറ്ററിന് (രൂപ) | ലൈസൻസ് പ്രകാരം നികുതി നിർണ്ണയിക്കേണ്ട ഉപയോഗക്രമം/ നിരക്ക് ച. മീറ്ററിന് (രൂപ) |
|---|---|---|---|---|---|
| 1 | X111/ 417/A1 ആലീസ് എബ്രഹാം, കണിയാംപറമ്പിൽ | 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യം | 205.16 | 30 | ഇതരവ്യവസായം 40/രൂപ |
| 2 | ജോർജ്.ടി.മാണി, തെങ്ങുംഉരുത്തേൽ, തോംസൺ ഇൻഡസ്ട്രീസ് XV-193 | 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യം | 200 | 30 | ഇതരവ്യവസായം 40/രൂപ |
| 3 | ജോർജ്.ടി.മാണി, തെങ്ങുംഉരുത്തേൽ, തോംസൺ ഇൻഡസ്ട്രീസ് | 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യം | 60 | 30 | ഇതരവ്യവസായം 40/രൂപ |

| | | | | | |
|---|---|---|---|---|---|
| | XV-193 -C | | | | |
| 4 | ജോർജ് വർഗീസ്, ചിറക്കാട്ട്, സെന്റ്.മേരീസ് റബർ ഇൻഡസ്ട്രീസ് | 100ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യം | 68.65 | 30 | ഇതരവ്യവസായം 40/രൂപ |
| 5 | കോരുള സക്കറിയ, വട്ടമലക്കണ്ടത്തിൽ (തടി മിൽ) 1X-309 | വ്യവസായ ആവശ്യത്തിനായുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 206 | 10 | ഇതരവ്യവസായം 40/രൂപ |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/11.02.2020 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും സമാനമായ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്നത് പഞ്ചായത്ത് തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്. പ്രസ്തുത അപാകത മൂലമുള്ള നഷ്ടത്തിന് വസ്തുനികുതി പരിശോധന സംബന്ധിച്ചുള്ള ഫീൽഡ്തല പരിശോധന നടത്തിയ ഉദ്യോഗസ്ഥർ വ്യക്തിപരമായി ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## 1-10-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ പരാമർശിച്ചിട്ടുള്ള ഉപഖണ്ഡിക (1) സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഉപഖണ്ഡിക (2) ലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

(1) ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | ഹോട്ടൽ മൊണാർക്ക് | I, |
| 2. | റിലയൻസ് റീട്ടെയിൽസ് | I, II |
| 3. | ആഞ്ചക്കാട്ട് ഫിനാൻസ് | I, II |
| 4. | എെ.സി.എം.എസ് അക്കാഡമി | I, II |
| 5. | അജിനോര ഇന്റർനാഷണൽ എെ.ഇ.എൽ.ടി. എസ്, അക്കാഡമി | I, II |

(2) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | അരീപ്പറമ്പ് സർവീസ് സഹകരണ ബാങ്ക് മാലം ശാഖ | I, II |
| 2. | മൗണ്ട് മേരി പബ്ലിക് സ്കൂൾ | I, II |
| 3. | സെന്റ്.മേരീസ് പ്രൈവറ്റ് എെ.ടി.എെ, മണർകാട് | I, II |
| 4. | സെന്റ്.മേരീസ് ഹോസ്പിറ്റൽ, മണർകാട് | I, II |
| 5. | ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് | II |
| 6. | പാരഗൺ പോളീമേഴ്സ് | I, II |

| | | |
|---|---|---|
| 7. | വിജയപുരം സർവീസ് കോപ്പറേറ്റിവ് ബാങ്ക്, നീതി മെഡിക്കൽ ഷോപ്പ് | I, II |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും 2018-19 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/11.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിനുണ്ടായ റവന്യൂ നഷ്ടം പരിഹരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-10-2 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള വിജയപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല. മൽസ്യഫെഡ് ഔട്ട് ലെറ്റ് 2018-19 രണ്ടാം അർദ്ധവർഷത്തിൽ പ്രവർത്തനം ആരംഭിച്ചിരുന്നു എങ്കിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു സാമ്പത്തിക വർഷത്തിലെ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/ 11.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-10-3 ലൈസൻസ് നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽനിന്നും ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകൾ പ്രകാരമുള്ള പല സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിവരം | വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രദീപ് തോമസ് അസോസിയേറ്റ്സ് | ബിൽഡിംഗ് ഡിസൈനിംഗ്& കൺസ്ട്രക്ഷൻ | 6 |
| 2 | സജീവ്മാത്യു കുന്നേൽ | മെറ്റൽ ക്രഷർ | 5 |
| 3 | ജോർജ്.ടി.മാണി, | തോംസൺ റബർ ഇൻഡസ്ട്രീസ് | 8 |
| 4 | ജോർജ്.ടി.മാണി, തോംസൺ ഇൻഡസ്ട്രീസ് | ഹോളോബ്രിക്സ് നിർമ്മാണം | 6 |
| 5 | തോമസ് മാത്യു, കാനാ ഫുഡ് പ്രോഡക്ട്സ് | ഫ്രൂട്ട് പ്രോസസിംഗ് | 9 |
| 6 | വിജയപുരം സർവീസ് സഹകരണ ബാങ്ക് | നീതി മെഡിക്കൽ സ്റ്റോർ | 4 |

| | | | | |
|---|---|---|---|---|
| 7 | എം.എ.ചെറിയാൻ, മമ്മേലിൽ | സിൻഡ്കോ റബർ പ്രോഡക്ട്സ് | 8 | |
| 8 | കുരുവിള മാണി, മണർകാട് ഫ്യൂവൽസ് | പെട്രോൾ പമ്പ് | 6 | |
| 9 | ജോർജ് വർഗീസ്, | സെന്റ്.മേരീസ് റബർ ഇൻഡസ്ട്രീസ് | 7 | |
| 10 | മോസസ്.ടി. ജോർജ്, ജി.കെ എന്റർപ്രൈസസ് | പി.യു. ചെരുപ്പ് നിർമ്മാണം | 7 | |
| 11 | ബിജു കുര്യൻ, എറിഷ് എന്റർപ്രൈസസ് | ഹവായ് ചപ്പൽ നിർമ്മാണ യൂണിറ്റ് | 9 | |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു സാമ്പത്തിക വർഷത്തിലെ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നിശ്ചിത വരുമാനത്തിനനുസൃതമായ നിരക്കിൽ തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 12 തീയതി 11/03/2020ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നിമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ട പ്രകാരം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് - ഡി & ഒ ലൈസൻസ് ചട്ടങ്ങൾക്ക്, 31.10.2017 - ലെ കേരള ഗസറ്റ് എസ്.ആർ.ഒ നം. 674/2017 (സ.ഉ (പി) നം. 80/ 2017/ത.സ്വ.ഭ.വ തീയതി. 31.10.2017) പ്രകാരം ഭേദഗതി വരുത്തിയിരുന്നു. പുതുക്കിയ ചട്ടപ്രകാരമാണ് 2018-19 വർഷം ഗ്രാമ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. പുതുക്കിയ ചട്ടപ്രകാരം വ്യാപാര സ്ഥാപനങ്ങൾ, പുതുസംരംഭക പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് ആധാരമാക്കിയാണ് സർക്കാർ ലൈസൻസ് ഫീ നിശ്ചയിച്ചിട്ടിട്ടുള്ളത്. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ചുള്ള ആധികാരിക സ്ഥിരീകരണം, ഓഡിറ്റ് വർഷം സമർപ്പിക്കപ്പെട്ടിട്ടുള്ള ലൈസൻസ് അപേക്ഷകളിൽ ലഭ്യമല്ല എന്ന് കാണുന്നു. 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന പുതുക്കിയ ചട്ടത്തിൽ ചട്ടം 10 പ്രകാരം ഈടാക്കാവുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് മാനുഫാക്ചറിംഗ് സെക്ടറിൽ മൂലധന നിക്ഷേപം ഇരുപത്തഞ്ച് ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് 500/രൂപയും, സർവീസ് സെക്ടറിൽ മൂലധന നിക്ഷേപം പത്ത് ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് 500/രൂപയായും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ളതിലും കുറവായി 200രൂപ നിരക്കിൽ നിരവധിയായ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച പരമാവധി ഫീസിൽ കുറവ് വരുത്തി ഭരണസമിതി ബൈലോ പാസാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/ 11.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ബൈലോ പാസാക്കിയിട്ടില്ല എന്നും, സർക്കാർ നിശ്ചയിച്ചത് പരമാവധി ഫീസാണ് എന്നും, അതുതന്നെ ഈടാക്കണമെന്ന് ചട്ടത്തിൽ പറയുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. സർക്കാർ നിശ്ചയിച്ച പരമാവധി ഫീസിൽ കുറവ് വരുത്തണമെങ്കിൽ ഭരണസമിതി നിരക്കുകൾ തീരുമാനിച്ച് ബൈലോ പാസാക്കേണ്ടിയിരുന്നു. അല്ലാതെ ഉദ്യോഗസ്ഥർക്ക് സ്വയം ഫീസ് തീരുമാനിക്കാനുള്ള വിവേചനാധികാരമില്ല. ലൈസൻസ്

അപേക്ഷകളിന്മേൽ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് അപേക്ഷകൻ തന്നെ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ള വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 634 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷം ആകെ ലൈസൻസ് നൽകിയിട്ടുള്ളത് 483 സ്ഥാപനങ്ങൾ മാത്രമാണ്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 151 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് ഏതാനും സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിപ്പോയി എന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമല്ല. മുൻ വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്ന് പ്രവർത്തനം നിർത്തലാക്കിയ സ്ഥാപനങ്ങളെ ഒഴിവാക്കുകയും, തൻവർഷം പുതുതായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നതിന് പകരം ഓഡിറ്റ് എൻക്വയറി നൽകുമ്പോൾ ഏതാനും സ്ഥാപനങ്ങൾ നിർത്തലാക്കി എന്ന മറുപടി ശരിയല്ല. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 1629 കെട്ടിടങ്ങൾ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. എങ്കിലും ഇതിന്റെ പകുതി സ്ഥാപനങ്ങൾ പോലും ലൈസൻസ് പരിധിയിൽ വന്നിട്ടില്ല. നിരവധി സ്ഥാപനങ്ങൾ മൈക്രോ സ്മോൾ & മീഡിയം എന്റർ പ്രൈസസ് ആക്ട് 2006 (2006- ലെ 27) പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവ എന്ന രീതിയിൽ കെട്ടിട നികുതി ഉൾപ്പടെ ഇളവുകൾ നൽകുന്നുണ്ട് എങ്കിലും സ്ഥാപനങ്ങൾ മേൽ പ്രസ്താവിച്ച ചട്ടപ്രകാരം രജിസ്റ്റർ ചെയ്തതിന്റെ (ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ) രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വാടകരഹിതമായി പഞ്ചായത്ത് വക വസ്തു നൽകി

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും വളരെയേറെ വാണിജ്യ പ്രാധാന്യമുള്ളതുമായ സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് വാണിജ്യസ്ഥാപനം നടത്തുന്നതിന് മത്സ്യഫെഡിന് അനുമതി നൽകിയിട്ടുള്ളതായും പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പച്ചക്കറി വ്യാപാരത്തിന് സഹകരണസംഘത്തിന് നല്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഈ രണ്ട് സ്ഥാപനങ്ങൾക്കും വാടക നിശ്ചയിക്കുകയോ നിയമാനുസൃതം കരാർ ചമക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇതിൽ മത്സ്യഫെഡിന്റെ കെട്ടിടം അവരുടെ പേരിൽ നമ്പർ നല്കിയിട്ടുള്ളതായാണ് കാണുന്നത്. നിറവ് എന്ന പേരിലുള്ള പച്ചക്കറി വ്യാപാര കേന്ദ്രം നിലവിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന്റെ ആസ്തി അന്യാധീനപ്പെടും വിധം കരാർ ചമക്കാതെയും വാടകരഹിതമായും പഞ്ചായത്ത് കെട്ടിടം പച്ചക്കറികച്ചവടം നടത്തുന്നതിന് നല്കിയതിലും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തുവിൽ കെട്ടിടം പണിയുന്നതിനും വാടകരഹിതമായി പ്രവർത്തിക്കുന്നതിനും മത്സ്യഫെഡിന് അനുമതി നല്കിയതിനുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/10.02.2020) മറുപടി നൽകിയിട്ടില്ല. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പഞ്ചായത്തിന്റെ സ്വന്തമായ വസ്തുക്കൾ പഞ്ചായത്തിന്റെ ബൈലോയിലെ വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകാവുന്നതും പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിരുന്നില്ല. അനധികൃതമായി പഞ്ചായത്ത് കെട്ടിടം വാടകരഹിതമായി നൽകിയതിനും പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തുവിൽ കെട്ടിടം പണിയാനനുമതി നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിടം പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള വാടക കുടിശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 1-13 വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിങ്ങ് -പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത പ്രവൃത്തികൾ ഏറ്റെടുത്തു

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 163/2019, 17വാർഡിലേക്കും പോസ്റ്റ് ഷിഫ്റ്റിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ/ചെലവ് | വികസനഫണ്ട് 170000രൂപ / 170000രൂപ<br>തനത്ഫണ്ട് 50000 രൂപ /49319 രൂപ<br>ആകെ 220000 രൂപ / 219319 രൂപ |

| | |
|---|---|
| ചെലവ് വിവരം | 36946/- ബിൽ നമ്പർ 25-28/11/2018<br>120180/-ബിൽ നമ്പർ26-28/11/2018<br>12874/-ബിൽ നമ്പർ 27-27/11/2018<br>49319/- ചെക്ക് നമ്പർ 130828-28/1/2019<br>ആകെ 219319രൂപ |

2018-19 ൽ എല്ലാ വാർഡുകളിലും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി 2.20 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കുകയും 219319 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വികസന പ്രോജക്ടുകൾ, സ്ട്രീറ്റ് ലൈനുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ എന്നിവയോടനുബന്ധിച്ച് പോസ്റ്റ് മാറ്റി സ്ഥാപിക്കലിന് വൈദ്യുതവകുപ്പിന് തുക നല്കാമെങ്കിലും മറ്റ് കാരണങ്ങളാൽ പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടത് വൈദ്യുത വകുപ്പിന്റെ ചുമതലയാണ്. ഈ സാഹചര്യത്തിൽ വാർഡ് മെമ്പർമാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തിക്ക് തുക ചെലവഴിച്ചതിന് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി പൊതുവഴികളുടെ സംരക്ഷണവും തെരുവുവിളക്ക് കത്തിക്കലും പഞ്ചായത്തിന്റെ അനിവാര്യചുമതലയാണെന്ന് മറുപടി നല്കി. എന്നാൽ പൊതുവഴിസംരക്ഷണ പ്രവൃത്തികൾ, സ്ട്രീറ്റ് ലൈൻ പ്രോജക്ടുകൾ എന്നിവയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് പകരം ഇതിനുമാത്രമായി പ്രോജക്ട് വച്ച നടപടി അംഗീകരിക്കാവുന്നതല്ല.

ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിന് ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റുകൾ പ്രകാരം പഞ്ചായത്ത് അടവാക്കേണ്ടിയിരുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഡ് നമ്പർ 15 ലെ പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അടക്കേണ്ട തുക<br>(13-11-2018 ലെ 83 നമ്പർകത്ത് ഇലക്ട്രിക്കൽ സെക്ഷൻ പുതുപ്പള്ളി) | 14387/- |
| പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അടക്കേണ്ട തുക<br>(23-11-2018 ലെ ഡിബി/വർക്ക് ഡിപാർട്ട്മെന്റ്/18-19 നമ്പർ കത്ത് ഇലക്ട്രിക്കൽ സെക്ഷൻ അയർക്കുന്നം) | 22559/- |
| പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് അടക്കേണ്ട തുക<br>(24-11-2018 ലെ എ.ഇ/18-19 ഡിബി/25 നമ്പർ കത്ത് ഇലക്ട്രിക്കൽ സെക്ഷൻ മണർകാട്) | 120180/- |
| വാർഡ് 1 ലെ സ്വകാര്യഭൂമിയിൽ നിന്നും അടുത്തുള്ള റോഡിലേക്ക് SP OH ലൈൻ മാറ്റുന്നതിന് മണർകാട് സെക്ഷനിൽ അടക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റ് | 27687/- |
| ആകെ അടക്കേണ്ടതുക | 184813/- |

മേൽ പറഞ്ഞതുക 184813/-രൂപ അടവാക്കിയത് കൂടാതെ 29/11/2018 ലെ AE/DB/18-19/30 നമ്പർകത്ത് പ്രകാരം മണർകാട് സെക്ഷൻ നല്കിയ 120180/- രൂപയുടെ എസ്റ്റിമേറ്റിൽ ജി.എസ്.റ്റി വിഹിതം ഉൾക്കൊള്ളിച്ചിരുന്നില്ലെന്നും ഈ ഇനത്തിൽ 21632/- രൂപ അടവാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചതിനെ തുടർന്ന് പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും വൈദ്യുത വകുപ്പിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ വികസനഫണ്ടിൽ നിന്നും 12874/-രൂപ എസ്റ്റിമേറ്റ്, മറ്റ് വിശദാംശങ്ങൾ ഇല്ലാതെ അടവാക്കിയിട്ടുണ്ട്.

എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ചതിൽ സാധനങ്ങളുടെ വില, ലേബർചാർജ് അടക്കം ആകെ ചെലവിന് ജി.എസ്.റ്റി ചുമത്തിയാണ് തുക വൈദ്യുതവകുപ്പ് ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ 21632/- രൂപ അധികം അടവാക്കിയതിനും വികസനഫണ്ടിൽ നിന്നും 12874/-രൂപ എസ്റ്റിമേറ്റ്, മറ്റ്

വിശദാംശങ്ങൾ ഇല്ലാതെ അടവാക്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/06.02.2020) മറുപടിയായി ജി.എസ്.റ്റി അടച്ചതിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടെന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു. തുക തിരികെ ലഭിക്കുന്നതുവരെ അധികം ചെലവഴിച്ച 34506രൂപയുടെ (21632+12874) ചെലവ് തടസ്സപ്പെടുത്തുന്നു.

വാർഡ് 1 ലെ എസ്റ്റിമേറ്റ് പ്രകാരം സ്വകാര്യഭൂമിയിൽ നിന്നും അടുത്തുള്ള റോഡിലേക്ക് SP OH ലൈൻ മാറ്റുന്നതിനാണ് 27687/-രൂപ അടവാക്കിയിട്ടുള്ളത്. സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുനിന്നും SP OH ലൈൻ മാറ്റുന്നതിന് പഞ്ചായത്ത് തുക അടവാക്കിയത് നിയമാനുസൃതമല്ലാത്തതിനാൽ ഈ അപാകതയിലും നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിരുന്നുവെന്നും ഈ ആവശ്യത്തിനാണ് സ്വകാര്യഭൂമിയിൽ നിന്നും അടുത്തുള്ള റോഡിലേക്ക് പോസ്റ്റ് ഷിഫ്റ്റ് ചെയ്തതെന്നും മറുപടി നല്കി. സ്ട്രീറ്റ് ലൈൻ പ്രോജക്ടിന്റെ ഭാഗമായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് പകരം ഇതിനുമാത്രമായി പ്രോജക്ട് വച്ച നടപടി അംഗീകരിക്കാവുന്നതല്ല. ഭരണസമിതി വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-14 ഫോട്ടോകോപ്പിയർ വാങ്ങൽ - അധിക നിരക്ക് നൽകി

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ/ലാപ്ടോപ്പ് വാങ്ങലിനായി ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക രേഖപ്പെടുത്തിയവരിൽ നിന്നും താഴെപ്പറയും പ്രകാരം സാധനങ്ങൾ വാങ്ങുകയും ചെയ്തു.

| സ്ഥാപനം | ഇനം | തുക |
|---|---|---|
| സൺ ഇൻഫോ സിസ്റ്റംസ് | കമ്പ്യൂട്ടർ പ്രിന്റർ | 148000 |
| ആവ്ലോൺ സിസ്റ്റംസ് | ഫോട്ടോ കോപ്പിയർ | 49000 |
| ആവ്ലോൺ സിസ്റ്റംസ് | ഐ പാഡ് | 28000 |
| | ആകെ | 225000 |

ഇതിൽ ഫോട്ടോ കോപ്പിയർ ബൈബാക്ക് വ്യവസ്ഥയിൽ 12000/- രൂപ കിഴിച്ച് 37000/- രൂപയ്ക്ക് വാങ്ങുന്നതിനാണ് 14.02.2019-ലെ (1/2) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അനുവദിച്ചിട്ടുള്ളത്.

പഴയ ഫോട്ടോ കോപ്പിയർ നൽകി 37000/- രൂപ ചെലവഴിച്ച് ഫോട്ടോ കോപ്പിയർ വാങ്ങുന്നതിന് അനുമതിയുള്ളപ്പോൾ 49000/- രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ബേസ് മോഡലിന് ബൈബാക്ക് ഓഫർ അനുവദിക്കാൻ കഴിയില്ല എന്ന് കമ്പനി അറിയിച്ചതായി മറുപടി നൽകിയിട്ടുണ്ട്. ടെണ്ടർ പ്രകാരം ബൈബാക്ക് വ്യവസ്ഥ കമ്പനി അംഗീകരിച്ചിരുന്നതിനാൽ പഞ്ചായത്ത് കമ്മറ്റി വിഷയം പരിശോധിച്ച് പഞ്ചായത്തിന് ധനനഷ്ടം വന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും വാങ്ങൽ നടപടികളിൽ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യം ഉറപ്പ് വരുത്തേണ്ടതുമാണ്. ബൈബാക്ക് വ്യവസ്ഥയിൽ നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ഫോട്ടോകോപ്പിയർ വാങ്ങാത്ത നടപടി ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-15 ശിശുമന്ദിരം അപകടാവസ്ഥയിൽ- ഫിറ്റ്നസ് ഇല്ലാതെ പ്രവർത്തനം തുടരുന്നു- അധികാരികളുടെ അനാസ്ഥ

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11-10-18 ലെ 1(2) നമ്പർ തീരുമാനപ്രകാരം 3-ാം വാർഡിലെ പറമ്പുകര ശിശുമന്ദിരം കെട്ടിടം ഉപയോഗശൂന്യമായതിനാൽ ശിശുമന്ദിരത്തിൽ പ്രവർത്തിക്കുന്ന നഴ്സറികെട്ടിടം പ്രവർത്തിപ്പിക്കേണ്ടതില്ലായെന്ന് കമ്മറ്റി തീരുമാനിച്ചു. ടി കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. പ്രളയത്തെത്തുടർന്ന് കെട്ടിടത്തിന്റെ മുക്കാൽഭാഗത്തോളം വെള്ളത്തിൽ മുങ്ങിപ്പോയിരുന്നു. വളരെപഴക്കം ചെന്ന കെട്ടിടത്തിന്റെ പില്ലറുകളും ഭിത്തിയുമെല്ലാം ദ്രവിച്ച നിലയിലാണ്. റൂഫ് പ്ലാസ്റ്ററിങ്ങ് ഇളകിമാറി കമ്പികൾ പുറത്ത് കാണാവുന്ന നിലയിലാണ്. ഫാൻ പ്രവർത്തിച്ചുകൊണ്ടിരിക്കെ റൂഫിൽ നിന്നും ഇളകിവീണിരുന്നുവെങ്കിലും കുട്ടികളില്ലാതിരുന്ന സമയമായതിനാൽ

അപകടമുണ്ടായില്ലായെന്നും ശിശുമന്ദിരം അദ്ധ്യാപിക അറിയിച്ചിരുന്നു. കെട്ടിടത്തിന്റെ ഫിറ്റ്നെസ് സംബന്ധിച്ച് അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ, എക്സി.എഞ്ചിനീയർ എന്നിവരും പരിശോധന നടത്തിയിരുന്നുവെങ്കിലും കെട്ടിടം പ്രവർത്തിപ്പിക്കേണ്ടതില്ലായെന്ന നിഗമനത്തിലെത്തിയിരുന്നതായി അസി.എഞ്ചിനീയർ അറിയിച്ചിരുന്നു. എന്നാൽ 10-2-2020ന് നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിൽ നിലവിലും ശിശുമന്ദിരം പ്രവർത്തിക്കുന്നതയി കാണപ്പെട്ടു.

തദ്ദേശസ്വയംഭരണ(ഇഡബ്ല്യു)വകുപ്പിന്റെ 30-12-2016 ലെ സർക്കുലർ നം792495/EW3/ 2016/തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെ യാതൊരു പ്രീപ്രൈമറി സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ലാത്തതും ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. കെട്ടിടത്തിന്റെ സുരക്ഷിതത്വം സംബന്ധിച്ച് എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ മുന്നറിയിപ്പുകൾ അവഗണിച്ചും ശിശുമന്ദിരം പ്രവർത്തിപ്പിക്കേണ്ടതില്ലായെന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം പോലും നടപ്പാക്കാതെ ശിശുമന്ദിരം ഒരു വർഷത്തിലേറെയായി പ്രവർത്തനം തുടരുന്നുവെന്നത് സർക്കാർ ഉത്തരവുകളുടെ ലംഘനവും അധികാരികളുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയുമാണ് വ്യക്തമാക്കുന്നത്. പ്രസ്തുത വിഷയത്തിൽ ഗ്രാമപഞ്ചായത്ത് അടിയന്തിരനടപടികൾ സ്വീകരിക്കാത്തപക്ഷം കെട്ടിടത്തിന്റെ ബലക്ഷയം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉത്തരവാദികളാകുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 1-16 ശിശുമന്ദിരത്തിന് കിണർ നിർമ്മാണം 83256 രൂപയുടെ ഫലപ്രദമല്ലാത്ത ചെലവ്

പഞ്ചായത്ത് ഉടമസ്ഥതയിൽ വാർഡ് 3 ൽ പ്രവർത്തിക്കുന്ന ശിശുമന്ദിരത്തിന് കിണർ നിർമ്മിക്കുന്നതിന് ഓഡിറ്റ് കാലയളവിൽ 83256 രൂപ (വികസനഫണ്ട് ധന കമ്മീഷൻ ഗ്രാന്റ്) ചെലവഴിച്ചിട്ടുണ്ട് (ബിൽ നമ്പർ/തീ-26/7-12-2018). അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ച 196/18-19 നമ്പർ പ്രോജക്ട് 11/2/2020 ൽ നേരിൽ പരിശോധിച്ചു. ശിശുമന്ദിരത്തിന് നിലവിൽ ജലലഭ്യതയുള്ള കിണർ ഉള്ളതായും തൊട്ടടുത്ത് നിർമ്മിച്ചിട്ടുള്ളതും പ്രവർത്തന രഹിതവുമായ വനിതാതൊഴിൽ പരിശീലന കേന്ദ്രത്തിന്റെ മുറ്റത്താണ് പുതിയ കിണർ നിർമ്മിച്ചിട്ടുള്ളതെന്നും ആയത് നിലവിൽ ഉപയോഗപ്രദമല്ല എന്നും കാണുന്നു. കിണർ നിർമ്മിച്ചത് കുടിവെള്ള പദ്ധതിക്കാണെന്ന് വാർഡ് മെമ്പർ അറിയിച്ചപ്പോൾ ശിശുമന്ദിരം, വനിതാതൊഴിൽ പരിശീലന കേന്ദ്രം, എസ്.സി പരിശീലനകേന്ദ്രം എന്നിവക്ക് ജലലഭ്യത ഉറപ്പാക്കാനാണെന്നും കിണർ 4 മീറ്റർ മാത്രം ആഴത്തിലുള്ളതായതിനാൽ കുടിവെള്ളപദ്ധതിയ്ക്ക് പ്രായോഗികമല്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറും അറിയിച്ചു. ഇതിൽ നിന്നും കിണർ നിർമ്മാണം ആവശ്യകത ഉറപ്പുവരുത്താതെയാണെന്ന് വ്യക്തമാക്കുന്നു. ഈ സാഹചര്യത്തിൽ ആവശ്യകത ഉറപ്പുവരുത്താതെയും ഫലപ്രദമല്ലാതെയും ചെലവഴിച്ച 83256രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കിണർ ഉപയോഗപ്രദമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-17 ഗവൺമെന്റ് യു.പി സ്കൂളിൽ അദ്ധ്യാപകനിയമനം- ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപെടാത്ത പ്രവൃത്തികൾക്ക് തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 16-5-18 ലെ 14(12) നം തീരുമാനപ്രകാരം മാലം ഗവ.യുപി സ്കൂളിൽ ശ്രീമതി മെർളിൻ സണ്ണി എന്നയാളെ 10 മാസത്തേയ്ക്ക് 5000/- രൂപ പ്രതിമാസ വേതനനിരക്കിൽ നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2018 ജൂൺമാസം മുതൽ 2019 മാർച്ച് വരെയുള്ള 10 മാസകാലയളവിൽ (മുൻവർഷങ്ങളിലും ടിനിയമനം നടത്തിയിട്ടുണ്ട്) ശ്രീമതി.മെർളിൻ സണ്ണിയ്ക്ക് 50000/-(5000x10)രൂപ വേതനമായി നൽകുകയുണ്ടായി. എൽപി/യുപി സ്കൂളുകൾ ഉൾപ്പടെ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതിലുപരി അക്കാദമിക കാര്യങ്ങളിൽ ഇടപെടുവാനോ നിയമനം നടത്തുവാനോ ഗ്രാമപഞ്ചായത്തിന് അധികാരമില്ലായെന്നിരിക്കെ ഈ രീതിയിൽ നിയമനം നടത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. ടി കാലയളവിൽ സ്ഥാപനത്തിൽ അദ്ധ്യാപകതസ്തികയിൽ ഒഴിവുണ്ടായിരുന്നില്ല. ഈ രീതിയിൽ നിയമനം നടത്തി സ്കൂളിന്റെ അക്കാദമിക കാര്യങ്ങളിൽ ഇടപെടുന്നതിനും

തുക നൽകുന്നതിനും ഏതെങ്കിലും സർക്കാർ അനുമതി ഗ്രാമപഞ്ചായത്തിന് ലഭ്യമായിരുന്നോയെന്ന് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10(1)) മറുപടിയായി ടി നിയമനത്തിന് സർക്കാർ അനുമതി ലഭ്യമായിരുന്നില്ലായെന്നും പ്രൈമറിസ്കൂളുകളുടെ നടത്തിപ്പിൽ പ്രാദേശികസർക്കാരുകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയമനം നടത്തിയത് എന്ന് അറിയിച്ചിരുന്നു. ടി മറുപടി അംഗീകരിക്കാവുന്നതല്ല. പ്രസ്തുത നിയമനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഗ്രാമപഞ്ചായത്തിന് ബോദ്ധ്യമുള്ള പക്ഷം സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കി മാത്രം നിയമനം നടത്തേണ്ടതാണ്.

## 1-18 പുറവന്താനം കുടിവെള്ളപദ്ധതി- ഗ്രാമപഞ്ചായത്തിന്റെ അനാസ്ഥമൂലം എംഎൽഎ ഫണ്ട് പാഴായി

ഗ്രാമപഞ്ചായത്ത് 12-ാം വാർഡിൽ പുറവന്താനം കുടിവെള്ളപദ്ധതിയ്ക്കായി വാട്ടർടാങ്ക്, പമ്പിങ്ങ് മെയിൻ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിരുന്നു. ബാക്കി പദ്ധതികൾക്ക് ജില്ലാപഞ്ചായത്ത് 2018-19 വർഷം തുക വകയിരുത്തി ക്വട്ടേഷൻ ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചിരുന്നു. എംഎൽഎ ഫണ്ട് ഉപയോഗിച്ച് കുളം നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി ലഭിച്ചിരുന്നു. കുളം നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കുളം നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തി നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം10(3)) മറുപടിയായി കുളം നിർമ്മിച്ചിരുന്നില്ലായെന്നും ബദൽ സംവിധാനമായി പഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള കിണറ്റിൽ നിന്നും വെള്ളമെടുക്കുന്നതിനുള്ള അനുമതി നൽകിയതായും അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലേക്കും മറ്റ് ഷോപ്പിങ്ങ് കോംപ്ലക്സ് കെട്ടിടങ്ങളിലേക്കും ആവശ്യമായ ജലവിതരണം നടത്തിവരുന്ന പ്രസ്തുത കിണറിൽ കുടിവെള്ളപദ്ധതിയ്ക്കാവശ്യമായത്ര ജലസ്രോതസ്സ് ഉണ്ടെന്ന് ഉറപ്പുവരുത്താതെ കുളം നിർമ്മാണത്തിന് അനുവദിച്ച എംഎൽഎ ഫണ്ട് വിഹിതം ബ്ലോക്ക് പഞ്ചായത്ത് മുഖേന വിനിയോഗിക്കുന്നതിനുള്ള അവസരം പാഴാക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തത്. പുതിയ കുളം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭിക്കുമെന്ന ബോദ്ധ്യം ഉണ്ടായിരുന്നിട്ടും പുതിയ ഒരു സ്ഥലം കണ്ടെത്തി ബ്ലോക്ക്പഞ്ചായത്തിന് കൈമാറാതിരുന്നത് മൂലം കുടിവെള്ളദൗർലഭ്യം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് പുതിയ ഒരു ജലസ്രോതസ്സ് ലഭിക്കാനുള്ള സാദ്ധ്യതയാണ് ഇല്ലാതായത്. അധികൃതരുടെ വിശദീകരണത്തിനും പരിഹാര നടപടികൾക്കുമായി വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ഡാറ്റാഎൻട്രി ഓപ്പറേറ്ററുടെ നിയമനം -സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

ഗ്രാമപഞ്ചായത്തിൽ എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഡാറ്റാഎൻട്രി ഓപ്പറേറ്ററായി ശ്രീ. തോമസ് ജോസഫ്, വെള്ളാമഠത്തിൽ എന്നയാളെ ദിവസവേതന അടിസ്ഥാനത്തിൽ 2018-19 വർഷം നിയമിച്ചിരുന്നു. ടി കാലയളവിൽ എൽഎസ്ജിഡി വിഭാഗത്തിൽ ക്ലറിക്കൽ തസ്തികയിൽ ഒഴിവുണ്ടായിരുന്നില്ല. സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ട്. പ്രസ്തുത നിയമനം നടത്തുന്നതിന് സർക്കാർ അനുമതി ലഭ്യമായിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10) മറുപടിയായി 24-7-18 മുതൽ ഗ്രാമപഞ്ചായത്തിൽ എൽഡി ക്ലാർക്ക് തസ്തിക ഒഴിവുണ്ടായിരുന്നുവെന്നും 31-3-2019 ൽ ടിയാളുടെ സേവനം അവസാനിപ്പിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ലീവ് വേക്കൻസിയിൽ നിയമനം നടത്തേണ്ടത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ കമ്മറ്റിതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിയമനം നടത്തിയത് ക്രമപ്രകാരമല്ല. നടപടിക്രമങ്ങൾ പാലിച്ച് മാത്രം നിയമനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 ഗ്രാമപഞ്ചായത്ത് വാഹനം -പ്രളയത്തിൽ പെട്ട് തകരാറിലായി-ഇൻഷുറൻസ് പരിരക്ഷ ലഭിച്ചില്ല

KL-05-AE-6536 രജിസ്റ്റർ നമ്പരിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (മഹീന്ദ്ര Xylo) 2018ലെ

പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ യാത്രയോടനുബന്ധിച്ച് തകരാറിലാവുകയും 95708/-രൂപ (ചെക്ക്നം130778/28-3-19)മെയിന്റനൻസിനായി ചെലവഴിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. വാഹനം അപകടത്തിൽപ്പെട്ട 16-8-2018 ലെ യാത്രാവിവരം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിരുന്നില്ല. ലോഗ്ബുക്കിൽ പല ദിവസവും കസ്റ്റോഡിയൻ ഓഫീസർ ഒപ്പുവയ്ക്കുന്നില്ല. ആറുമാസത്തിലൊരിക്കൽ ഇന്ധന ക്ഷമത ടെസ്റ്റ് നടത്തി സർട്ടിഫിക്കേറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരുന്നില്ല.

2. റിപ്പയറിങ്ങിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 'മൈ മെക്കാനിക് ' എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് 35830/- രൂപയായിരുന്നു. എന്നാൽ ബിൽ പ്രകാരം 66228/- രൂപ 'മൈ മെക്കാനിക് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഒരേ സ്ഥാപനം തന്നെ പല ക്വട്ടേഷനുകൾ സമർപ്പിച്ചതായും ക്വട്ടേഷനുകളിൽ തിരുത്തൽ വരുത്തുന്നതായും കാണുന്നു. ലേബർ കോസ്റ്റിനായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നില്ല. തിരുത്തൽ വരുത്തുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും അംഗീകരിക്കാൻ സാദ്ധ്യമല്ലായെന്നിരിക്കെയാണ് മൈ മെക്കാനിക് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത്(തിരുത്തൽ വരുത്തിയത് മെക്കാനിക്കൽ വിഭാഗമാണെങ്കിൽ ആയത് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്).

3. പഞ്ചായത്ത് വാഹനം തകരാറിലായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി 1050/- രൂപ മാവേലിക്കര എക്സി.എഞ്ചിനീയറുടെ പേരിൽ നൽകിയിരുന്നു. എന്നാൽ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് എഞ്ചിനീയർ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലായിരുന്നില്ല ക്വട്ടേഷൻ ക്ഷണിച്ചിരുന്നത്.

4. പ്രളയത്തിലകപ്പെട്ട വാഹനത്തിന് ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കേരളസംസ്ഥാനഇൻഷ്വറൻസ് വകുപ്പിൽ അപേക്ഷിച്ചിരുന്നുവെങ്കിലും ആയത് ലഭിക്കാതിരുന്നതിന് കാരണം വ്യക്തമല്ല. പ്രളയത്തിൽപെട്ട വാഹനം ഏത് രീതിയിലാണ് ഗ്രാമപഞ്ചായത്തിൽ എത്തിച്ചത് എന്നതും വ്യക്തമല്ല. പ്രളയബാധിത പ്രദേശത്ത് വളരെ അശ്രദ്ധമായി വാഹനം കൈകാര്യംചെയ്തത് മൂലമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാതെ പോയത് എന്ന് വ്യക്തമാകുന്നു. അപകടസമയത്ത് വാഹനം കൈകാര്യം ചെയ്തിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഡ്രൈവറായിരുന്ന ശ്രീ.അജിയായിരുന്നില്ല എന്നറിയുന്നു. വെള്ളക്കെട്ടിലകപ്പെട്ട വാഹനം സ്റ്റാർട്ട് ചെയ്യാൻ ശ്രമിച്ചതിന്റെ ഭാഗമായി വരുന്ന തകരാറുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കില്ലായെന്നിരിക്കെ പരിചയക്കുറവുള്ള താത്ക്കാലിക ഡ്രൈവറെ ദുരന്തബാധിത പ്രദേശത്തെ പ്രവൃത്തികൾക്ക് ഉപയോഗിച്ചത് മൂലം വാഹനത്തിന് ഗുരുതരമായ തകരാർ സംഭവിച്ചുവെന്നത് സ്ഥാപനത്തിന്റെ വാഹനഉപയോഗം വേണ്ടത്ര കാര്യക്ഷമമല്ലായെന്നതാണ് സൂചിപ്പിക്കുന്നത്. മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21/12-2-20) ലഭ്യമാക്കിയ മറുപടിയിൽ പ്രളയകാലത്തെ അടിയന്തിര സാഹചര്യത്തിൽ എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കാൻ സാധിച്ചിരുന്നില്ലെന്നും ഇൻഷ്വറൻസ് കമ്പനി തികച്ചും സാങ്കേതികപരമായ നിലപാടും സമീപനവും സ്വീകരിച്ചതിനാലാണ് ക്ലെയിം നിരസിച്ചതെന്നും വിശദീകരിച്ചിട്ടുണ്ട്.എന്നാൽ വിശദീകരണം പൂർണ്ണമായി തൃപ്തികരവും അംഗീകാരയോഗ്യവുമല്ലാത്തതിനാൽ റിപ്പയറിങ്ങിനായി ചെലവഴിച്ച 95708/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 നാഷണൽ റർബൻ മിഷൻ -പുതുപ്പള്ളി മണർകാട് ക്ലസ്റ്റർ-മണർകാട് ഗ്രാമപഞ്ചായത്തിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സ്കീമായ ശ്യാമപ്രസാദ് മുഖർജി റർബൻ മിഷന്റെ(SPMRM) ആഭിമുഖ്യത്തിൽ നഗരസൗകര്യത്തോടെ ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക, സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് രണ്ട് ഗ്രാമപ്രദേശങ്ങളുടെ ക്ലസ്റ്റർ രൂപീകരിച്ച് വികസന പദ്ധതികൾ തയ്യാറാക്കിയിരുന്നു. പുതുപ്പള്ളി-മണർകാട് റർബൻ ക്ലസ്റ്ററിൽ നാഷണൽ റർബൻ മിഷൻ(NRuM) മുഖേന മണർകാട് ഗ്രാമപഞ്ചായത്തിന് ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട്(CGF) ഇനത്തിൽ 15.99 കോടി രൂപയുടെ പദ്ധതികൾക്ക് ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭിച്ചിരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിലായി നടപ്പാക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി ആരംഭിച്ചത് 03/2018 ൽ മാത്രമാണ്. അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| Sl No | പ്രോജക്ടിന്റെ പേര് – അടങ്കൽ തുക | അടങ്കൽ | | CGF റിലീസ് ചെയ്ത തുക | നാളിതുവരെ ചെലവഴിച്ച തുക (in Lakh) | | ബാക്കി തുക |
|---|---|---|---|---|---|---|---|
| | | കൺവർജൻസ് തുക (in Lakh) | CGF (in Lakh) | | കൺവർജൻസ് | CGF | |
| 1 | പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ (HH)-180 ലക്ഷം | -- | 180.00 | 179.95319 | | 179.95319 | 0 |
| 2 | ട്രെയിനിംഗ് സെന്റർ നിർമ്മാണം – 60 ലക്ഷം | | 60.00 | 1.10.19ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(1) ലെ തീരുമാനപ്രകാരം അടങ്കലിൽ 9.15 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി പുതുക്കുന്നതിനായി റർബൻ മിഷന് നൽകിയിരിക്കുന്നു. | | | |
| 3 | കോൾഡ് സ്റ്റോറേജ് - 75 ലക്ഷം | 25.00 | 50.00 | 8.11.19ലെ 2(1) നം. തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു. | | | |
| 4 | കമ്പ്യൂട്ടർ ലാബ് – 35 ലക്ഷം | 17.00 | 18.00 | ഇ-ടെൻഡർ ചെയ്തു. വർക്ക് ഓർഡർ നൽകിയതായി അറിയിച്ചു. | | | |
| 5 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി - 11 ലക്ഷം | 9.25 | 1.75 | ഗ്രാമപഞ്ചായത്തിന് നിലവിൽ ടി സൗകര്യം ഉണ്ട്. പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനമായില്ല. | | | |
| 6 | ഇൻസിനറേറ്റർ – 10 ലക്ഷം | 6.935 | 3.065 | ഇൻസിനറേറ്റർ നേരത്തെ സ്ഥാപിച്ചിരുന്നു. കോംപൗണ്ട് വാളിനായി തുക ചെലവഴിച്ചു. | | 2.65861 | |
| 7 | പി.എച്ച്.സി. നിർമ്മാണം – 267.30 ലക്ഷം | 150.00 | 117.30 | കെട്ടിട നിർമ്മാണം നബാർഡ് വിഹിതം ഉപയോഗിച്ച് നടന്നുവരുന്നു. CGF ഫണ്ട് ചെലവഴിച്ചിട്ടില്ല. | | | |
| 8 | പി.എച്ച്.സി- അനുബന്ധ ഉപകരണങ്ങൾ – 28 ലക്ഷം | -- | 28.00 | കെട്ടിടനിർമ്മാണം പൂർത്തിയായതിന് ശേഷം മാത്രം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ആയുർവ്വേദ ആശുപത്രി നിർമ്മാണം – 4.888 ലക്ഷം | 3.76 | 1.128 | നിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചു. തുക ചെലവഴിച്ചിട്ടില്ല. | | | |
| 10 | സബ്സെന്റർ പി.എച്ച്.സി. - 100 ലക്ഷം | -- | 100.00 | പദ്ധതി ആരംഭിച്ചിട്ടില്ല. | | | |
| 11 | ഹോമിയോ ആശുപത്രി മെയിന്റനൻസ് – 8.15 ലക്ഷം | 5.50 | 2.65 | നിർമ്മാണം പൂർത്തീകരിച്ചതായി അറിയിച്ചു. തുക ചെലവഴിച്ചിട്ടില്ല. | | | |
| 12 | വിവിധ വാർഡുകളിലെ റോഡ് നിർമ്മാണം – 190 ലക്ഷം | | 190.00 | 190.00 | | 177.79357 | ബാലൻസ് തുക തിരികെ അടച്ചു |
| 13 | ബസ് സ്റ്റാൻഡ് നവീകരണം - 85 ലക്ഷം | 30.00 | 55.00 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 14 | ബസ് ഷെൽറ്റർ - 20 ലക്ഷം | -- | 20.00 | 8.11.19ലെ 2(1) നം. തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിച്ചു. | | | |
| 15 | വെയിറ്റിങ്ങ് ഷെഡ് - 46.5 ലക്ഷം | 37.5 | 9.00 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 16 | ഫ്രണ്ട് ഓഫീസ് ടച്ച് സ്ക്രീൻ കിയോസ്ക്, ഹെൽപ്പ്ഡെസ്ക് - 50 ലക്ഷം | -- | 50.00 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 17 | പകൽ വീട് - 34 ലക്ഷം | 4.00 | 30.00 | പദ്ധതി ആരംഭിച്ചിട്ടില്ല. | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | ചെക്ക് ഡാം - 50 ലക്ഷം | | 50.00 | 34.91305 | 0 | 34.91305 | 0 |
| 19 | സ്ട്രീറ്റ്ലൈറ്റ് -എൽഇഡി -136.57 ലക്ഷം | 15.07 | 121.50 | 115.95859 | | 85.95922 | |
| 20 | തോട് ആഴം കൂട്ടൽ - 250 ലക്ഷം | | 250.00 | 25.89000 | | 25.89000 | |
| 21 | മൊബൈൽ ഹെൽത്ത് യൂണിറ്റ് - 62.5 ലക്ഷം | | 62.5 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 22 | മാർക്കറ്റ് നവീകരണം - 148 ലക്ഷം | 10.00 | 138.00 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 23 | നാലുമണിക്കാറ്റ് നവീകരണം - 12 ലക്ഷം | 2.00 | 10.00 | സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നു. | | | |
| 24 | മാലം/കണിയാംകുന്ന് ഗവ.യു.പി.എസ്. നവീകരണം - 12.30 ലക്ഷം | 5.50 | 6.80 | മാലം ഗവ.യു.പി.എസ്. നവീകരണം പൂർത്തിയാക്കിയിട്ടുണ്ട്. കണിയാംകുന്ന് ഗവ.യു.പി.എസ്. നവീകരണം പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| 25 | മണർകാട് യു.പി.എസ്. പുതിയ കെട്ടിടം -195 ലക്ഷം | 150.00 | 45.00 | പ്രോജക്ടിന്റെ റിവിഷനായി റർബൻ മിഷൻ അംഗീകാരത്തിനായി നൽകിയിരിക്കുന്നു. | | | |
| | **ആകെ** | **471.515** | **1599.693** | **546.714** | **83-0-** | **507.16764** | |

ജില്ലാപഞ്ചായത്ത്/ഗ്രാമപഞ്ചായത്ത്/നബാർഡ് വിഹിതമാണ് കൺവർജൻസ് ഫണ്ടായി ഉൾപ്പെടുത്തി വകയിരുത്തിയിരുന്നത്. ഇതിൽ കൺവർജൻസ് ഫണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിരുന്നില്ല.

മണർകാട് ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തു നിർവ്വഹിച്ചു വരുന്ന റർബൻ പ്രോജക്ടുകളുടെ രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ഓഡിറ്റിൽ വിലയിരുത്തിയതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>അവധാനതയില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കി- നിർവ്വഹണത്തിന് സാങ്കേതികസടസ്സം- വൻതുക പാഴാകുന്ന സ്ഥിതി വിശേഷം</u>**

കൺവർജൻസ് ഫണ്ടും ക്രിട്ടിക്കൽ ഗ്യാപ് ഫണ്ടും വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾക്കായി 25 പ്രോജക്ടുകൾക്ക് നാഷണൽ റർബൻ മിഷന്റെ അംഗീകാരം ലഭിച്ചിരുന്നു. 2016-17 വർഷം അംഗീകാരം ലഭിച്ച് 2018-19 വർഷം പൂർത്തിയാകുന്ന രീതിയിൽ തയ്യാറാക്കിയ പ്രോജക്ടുകളിൽ 19 പ്രോജക്ടുകൾക്ക് ഓഡിറ്റ് തീയതി വരെ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ഇതിൽ പി.എച്ച്.സി. കെട്ടിടനിർമ്മാണം, ആയുർവ്വേദ, ഹോമിയോ ആശുപത്രി മെയിന്റനൻസ് എന്നിവ പൂർത്തിയായെങ്കിലും തുക ചെലവഴിച്ചിരുന്നില്ല. ബാക്കിയുള്ള എല്ലാ പ്രോജക്ടുകളും റിവിഷനായി റർബൻ മിഷന് അയയ്ക്കേണ്ടി വന്നത് കൃത്യമായ വികസനകാഴ്ചപ്പാടില്ലാതെയും അവധാനത പുലർത്താതെയും ഡിപിആർ തയ്യാറാക്കിയതിലെ അപാകത മൂലമാണ്. 15.99 കോടി NRuM ഫണ്ട് ലഭ്യമാകുമായിരുന്നുവെങ്കിലും 5.07 കോടി രൂപ മാത്രമേ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. 2019-20 വർഷത്തേയ്ക്കുകൂടി പദ്ധതി ദീർഘിപ്പിക്കാൻ അനുമതിയുള്ളതായി കാണുന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാത്ത പക്ഷം 10.92 കോടി രൂപയോളം ഗ്രാമപഞ്ചായത്തിന് നഷ്ടമാവുന്ന സ്ഥിതി വിശേഷമാണുള്ളത്. സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഭരണസമിതി അതീവജാഗ്രത പുലർത്തേണ്ടതുണ്ട്.

**വൻ തുകകളുടെ നിക്ഷേപപ്രവൃത്തികൾ- പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല**

റർബൻ മിഷൻ ഫണ്ട് ഉപയോഗിച്ച് 2018-19 വർഷം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം വിനിയോഗിച്ച തുക | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|
| ഗാർഹികകണക്ഷന് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 1,79,95,319/- | - | 1,79,95,319/- | ചെക്ക് നമ്പർ 211436/23.3.2019 ആകെ പൈപ്പ്ലൈൻ ദീർഘീകരണം നടത്തിയ നീളം, പ്രദേശം, ചെലവ്, മൂല്യം, പുതിയതായി ഗാർഹിക കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പേര് വിവരം മുതലായ വിശദാംശങ്ങൾ ലഭ്യമായില്ല. |
| ചെക്ക് ഡാം-ചേലക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് | മൈനർ ഇറിഗേഷൻ വകുപ്പ് | 34,91,305/- | | 34,91,305/- | ചെക്ക് നമ്പർ 2114334/31.7.2018 |

| | | | | | |
|---|---|---|---|---|---|
| സമീപം വെള്ളൂർ തോടിന് കുറുകെ | | | | | |
| വിവിധ തോടുകളുടെ ആഴം കൂട്ടൽ | മൈനർ ഇറിഗേഷൻ വകുപ്പ് | 25,89,000/- | 13,29,520 | 12,59,480 | ചെക്ക് നമ്പർ 2114335/23.3.2019 |
| സ്ട്രീറ്റ്ലൈൻ എക്സ്റ്റെൻഷൻ -LED | കെ.എസ്.ഇ.ബി., പുതുപ്പള്ളി, കൂരോപ്പട, മണർകാട്, അയർകുന്നം | 85,95,922/- | 70,20,692 | 15,75,230 (കെ.എസ്.ഇ.ബി., കൂരോപ്പട) | ചെക്ക് നമ്പർ 211430-211433/4.4.2018 ആകെ ദീർഘീകരണം നടത്തിയ സ്ട്രീറ്റ്ലൈനിന്റെ നീളം, പ്രദേശം, ചെലവ്, മൂല്യം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമായില്ല. |
| **ആകെ** | | **3,26,71,546** | **83,50,212** | **2,43,21,334** | |

മേൽപറഞ്ഞ 4 പ്രോജക്ടുകൾക്കുമായി ആകെ 3,26,71,546/- രൂപ വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്നുവെങ്കിലും നാളിതുവരെ 83,50,212/-രൂപയുടെ പൂർത്തീകരണ വിനിയോഗസാക്ഷ്യപത്രം മാത്രമേ ഏജൻസികളിൽ നിന്നും ലഭ്യമായുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷി വിനിയോഗിച്ച് ഏറ്റെടുക്കാൻ സാധിക്കുന്നതിലുപരിയായതും ബൃഹത്തായതുമായ പ്രോജക്ടുകൾക്കായി ഭീമമായ തുകകളാണ് നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളത്. നിക്ഷേപിച്ച തുകയ്ക്ക് അനുസൃതമായതും ഭൗതികലക്ഷ്യം പൂർണ്ണമായും കൈവരിക്കുന്ന രീതിയിലും പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിനെ ബോധ്യപ്പെടുത്തുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് ബാധ്യതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത് സംബന്ധമായി ഫലപ്രദമായ ഇടപെടൽ നടത്തുന്നതായി കാണുന്നില്ല. വിവിധ പ്രോജക്ടുകളുടെ നാളിതുവരെ പൂർത്തിയായ ഘട്ടങ്ങൾ, നാളിതുവരെ ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ 2018-19 വർഷം വിനിയോഗസാക്ഷ്യപത്രം ലഭിക്കാനവശേഷിക്കുന്ന 2,43,21,334/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 സെപ്റ്റിക് ടാങ്ക് നിർമ്മാണം- മണ്ണ് നീക്കം ചെയ്യൽ മാത്രമാക്കി പ്രവൃത്തി അവസാനിപ്പിച്ചു

മണർകാട് ഗ്രാമപഞ്ചായത്ത് പരിസരത്ത് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനായി 1.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. 2017-18 വർഷം 80/2017-18 നമ്പരായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതല നല്കിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി Earth Work Excavation, 1:4:8 cc എന്നിവ മാത്രം ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10.7.18 ലെ 1(2) നം. തീരുമാനപ്രകാരം 9,330/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചെക്ക് നം.581988/28.7.18 പ്രകാരം നൽകിയിട്ടുണ്ട്. ടി മരാമത്ത് പ്രവൃത്തിയ്ക്ക് ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, അളവുകളെടുത്ത എംബുക്ക് രേഖപ്പെടുത്തലുകൾ, തുക കരാറുകാരന് നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനും സ്പിൽ ഓവറായി 2018-19 വർഷം ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നില്ല. സെപ്റ്റിക് ടാങ്ക് നിർമ്മാണം ഉദ്ദേശിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ട്

കുഴിയെടുത്ത് മാത്രം പ്രവൃത്തി അവസാനിപ്പിച്ചത് പാഴ്ചെലവാണ്. ടോയ്‌ലറ്റ് നിർമ്മാണം ആസൂത്രണം ചെയ്യാതെ സെപ്റ്റിക് ടാങ്ക് മാത്രം നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കിയതിലും അപാകത കാണുന്നു. പരിസരവാസികൾ തടസ്സപ്പെടുത്തിയത് മൂലം പണി തുടരാനായില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിരുന്നു. പഞ്ചായത്ത് വക ആസ്തിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നത് മറികടന്ന് കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാനുള്ള സാഹചര്യം ഗ്രാമപഞ്ചായത്ത് ഒരുക്കി നൽകേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി കുഴിയെടുക്കൽ മാത്രമായി ചുരുക്കിയത് മൂലം പഞ്ചായത്ത് ഫണ്ടിന്റെ പാഴ്ചെലവിൽ കലാശിച്ചു. ഈ സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 9,330/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക നൽകിയ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിലടയ്ക്കേണ്ടതാണ്.

## 1-23 അരീപ്പറമ്പ് ക്ഷേത്രക്കുളം പുനരുദ്ധാരണഫണ്ട് -5വർഷക്കാലമായി ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണത്തിനായി 2014-15 വർഷം സർക്കാർ ഉത്തരവ് നം.5880/2014/ആർഡി തീയതി 26.11.2014 പ്രകാരം ദേവസ്വം ബോർഡിൽ നിന്നും 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.185/2014/ആർ തീയതി 09.05.2014ലെ നിർദ്ദേശപ്രകാരം ട്രഷറിയിൽ പുതിയ അക്കൗണ്ട് ആരംഭിച്ച് ടി തുക 2014-15 വർഷം തന്നെ പിൻവലിച്ച് അക്കൗണ്ടിലേക്ക് മാറ്റിയിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് നാളിതുവരെ പ്രസ്തുത പ്രവൃത്തിയ്ക്കായി ടെൻഡർ ക്ഷണിക്കുകയോ മറ്റ് നടപടിക്രമങ്ങൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രത്യേക ആവശ്യത്തിന് ചെലവഴിക്കുവാൻ ഉദ്ദേശിച്ച ലഭിച്ച ഗ്രാന്റ് ഗ്രാമപഞ്ചായത്തിന്റെ അലംഭാവം മൂലം 5വർഷക്കാലത്തോളം ചെലവഴിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. സർക്കാർ ഉത്തരവുകളിലെ നിർദ്ദേശപ്രകാരം തുക ചെലവഴിക്കേണ്ടതും പദ്ധതി പുരോഗതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവി വിലയിരുത്തി വിനിയോഗസർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ഈ രീതിയിലുള്ള യാതൊരു പ്രവൃത്തികളും നിർവ്വഹിച്ചിരുന്നില്ല. പ്രസ്തുത വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാത്ത പക്ഷം ചെലവഴിക്കാത്ത ടി തുക വിനിയോഗ കാലാവധി കഴിഞ്ഞതിനാൽ സർക്കാർ തിരികെ എടുക്കുന്ന സാഹചര്യമുണ്ടായാൽ ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണം ഉദ്ദേശിച്ച് ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ പിടിപ്പ്കേട് മൂലം നഷ്ടപ്പെടുന്ന സ്ഥിതിയായി മാറുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 1-24 പാടശേഖരങ്ങൾക്ക് ബണ്ട് നിർമ്മാണം -നടപടിക്രമങ്ങൾപാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ VMK പാടശേഖരത്തിന് നെൽകൃഷിയുടെ സൗകര്യത്തിനായി ബണ്ട് നിർമ്മിക്കുന്നതിനായി 10000/-രൂപ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11/01/19 ലെ 1(18) നമ്പർ തീരുമാനപ്രകാരം അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പ്രവൃത്തി പൂർത്തിയാക്കി അളവുകളെടുത്ത് എം ബുക്ക് രേഖപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ 2-1-19 മുതൽ 5-1-19 വരെയുള്ള ദിവസങ്ങളിലെ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ 10000/-രൂപ വൗച്ചർ നം. 21800976/20-2-19(ചെക്ക് നം.130818/21-2-19) പ്രകാരം ശ്രീ. മാത്യു സക്കറിയ എന്നയാൾക്ക് നൽകാനിടയായി. കൂടാതെ 11-1-19 ലെ ഇതേ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യത്തിനായി തന്നെ വൗച്ചർ നം. 21801070/20-3-19 പ്രകാരം 26-12-18 മുതൽ 29-12-18 വരെയുള്ള ദിവസങ്ങളിലെ മസ്റ്റർ റോളിന്റെ അടിസ്ഥാനത്തിൽ 10000/- രൂപ (ചെക്ക് നം. 130761/21-3-19) വീണ്ടും ശ്രീ മാത്യു സക്കറിയയ്ക്ക് നൽകാനിടയായത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/12-2-20) മറുപടി ലഭ്യമാക്കിയതിൽ പ്രോജക്ട് ഇല്ലാതെ പ്രവൃത്തി നിർവ്വഹിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയർ വിസമ്മതിച്ചതിനാലാണ് 2 പെറ്റിവർക്കായി കണക്കാക്കി തുക നൽകിയതെന്നും അടിയന്തിര സാഹചര്യത്തിൽ കർഷകർ മണൽചാക്ക് നിരത്തി ബണ്ട് നിർമ്മിച്ചിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിശദീകരണം രേഖാപരമായി സാധൂകരിക്കുന്നതിനുള്ള അനുബന്ധരേഖകൾ, കമ്മറ്റിയുടെ റിമാർക്സ്, പാടശേഖരസമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തിയുടെ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ 20-2-2019ൽ

ചെലവഴിച്ച 20,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-25 പ്രിന്റിങ്ങ് ജോലികൾ - പ്രിന്റിംങ്ങ് സ്ഥാപനത്തിന് തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല

ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അപേക്ഷകൾ പദ്ധതിരേഖകൾ തുടങ്ങിയ വിവിധ പ്രിന്റിങ്ങ് ജോലികൾ ജിയോ ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 2018-19 വർഷം നൽകിയിരുന്നു. പ്രിന്റിങ്ങ് ജോലികൾ ക്വട്ടേഷൻ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10(8)) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നതായി അറിയിക്കുകയും ലേലം, പാർക്കിംഗ് ഫീ, പരസ്യ നികുതി എന്നിവയ്ക്കൊപ്പം പ്രിന്റിംഗ് ജോലികൾക്കും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ നോട്ടീസ് പകർപ്പ് (എ8-1540/17) ഹാജരാക്കുകയും ചെയ്തു. എന്നാൽ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ വിവരം, ക്വോട്ട് ചെയ്ത നിരക്കിന്റെ വിശദാംശങ്ങൾ(ഡി.റ്റി.പി ചാർജ്, പകർപ്പിന്റെ നിരക്ക് എന്നിങ്ങനെ), മറ്റ് വ്യവസ്ഥകൾ എന്നിവ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഒരു സാമ്പത്തിക വർഷത്തേക്കുള്ള മുഴുവൻ പ്രിന്റിങ്ങ് ജോലികളും നിയമാനുസൃതവും സുതാര്യവുമായ നടപടികളിലൂടെ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ വൗച്ചർ ഫയലിൽ സൂക്ഷിക്കേണ്ടതും അപാകത സംബന്ധിച്ച് രേഖാമൂലമുള്ള മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-26 ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് പ്രവൃത്തി -കരാറുകാരന് അധികതുക നല്കി

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 237/2018-2019,<br>ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 200000/- രൂപ /181780രൂപ |
| ചെലവ് വിവരം | 181780 /- ചെക്ക് നമ്പർ 21800327-25/7/2018 |

ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡന്റെ 223മീറ്റർ നീളം 90 സെ.മീ കനത്തിൽ മണ്ണ് നിറയ്ക്കുന്ന പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുന്നതിന് ശ്രീ.ജോഷി തോമസ് എന്നയാൾ കരാറിൽ ഏർപ്പെടുകയും 604.261 ഘന.മീറ്റർ മണ്ണ് നിറയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റെ സ്വന്തം മണ്ണ് മനുഷ്യപ്രയത്നം ഉപയോഗിച്ച് ഇടിച്ച് ഉറപ്പിക്കുന്നതിനുള്ള നിരക്കായ 300.83/ഘന.മീറ്റർ ആണ് കരാറുകാരന് നല്കിയത് (ആകെ 604.261*300.83=181779/-). ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് 1.27.1.2 പ്രകാരം യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഉറപ്പിക്കൽ അല്ലെങ്കിൽ ഫില്ലിംഗിന്റെ 10% കൺസോളിഡേഷൻ ഇനത്തിൽ കുറവ് ചെയ്യേതുണ്ട്. ഇത് പാലിക്കാത്തതു മൂലം കരാറുകാരന് അധിക നിരക്ക് നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരന് നല്കിയ തുക 604.261 ഘന.മീറ്റർ മണ്ണിന് 300.83 രൂപ നിരക്കിൽ ആകെ നല്കിയത് | 181799.00 |
| 10% കുറച്ചുള്ള അളവായ 543.83 ഘന.മീറ്റർ മണ്ണിന് 300.83 രൂപ നിരക്കിൽ ആകെ നല്കാവുന്ന തുക | 163601.88 |
| അധികം നല്കിയത് | 18198/-രൂപ |

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി അംഗീകരിച്ച ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്കാണ് നല്കിയതെന്നും മറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാലാണ് ഇത് നല്കിയതെന്നും മറുപടി നല്കി. എന്നാൽ റോഡ് സബ് ബേസ് നിർമ്മാണത്തിന് റോഡ്റോളർ ഉപയോഗിച്ച് മണ്ണ് ഇടിച്ചുറപ്പിക്കുന്നതിനുള്ള ഇനങ്ങൾ ഡി.എസ്.ആർ.ൽ ലഭ്യമാണ് എന്നതിനാലും കണക്കാക്കപ്പെട്ട നിരക്കിൽ മെഷീനറി ഉപയോഗിച്ചുള്ള കൺസോളിഡേഷനുള്ള ഘടകം ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നല്കിയ 18198/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-27 നിയമാനുസൃതകാലയളവിൽ കരാർ ചമയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 68/2019, സ്രാഹൽപടി-വാര്യത്ത്പടി കോളജ് റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 140000 രൂപ /138515 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 210000രൂപ /210000 |
| ചെലവ് വിവരം | 138515 /-ചെക്ക് നമ്പർ 2796729-28/3/2019<br>210000/- ക്യൂ ബില്ലായതിനാൽ 2019-20 ൽ തുക നല്കി<br>ആകെ 348515/-രൂപ |

സ്രാഹൽപടി-വാര്യത്ത്പടി കോളജ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്ക് കരാറുകാരനായി ശ്രീ.ജോമോൻ എബ്രഹാം എന്നയാളെ 13/8/2018 ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 23/8/18 ൽ 68/18-19 നമ്പർ സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം പിഴയോട് കൂടിയും കരാർ വക്കുന്നതിന് അനുമതി നല്കാവുന്നതാണ്. ഇതു പ്രകാരം പിഴയില്ലാതെ 6/9/18 നകം കരാർ ചമക്കേണ്ടതായിരുന്നു. എന്നാൽ 22/9/18 ൽ കരാർ വച്ചയാളിൽ നിന്നും അംഗീകരിച്ച പി.എ.സി.യുടെ 1% ആയ 3499/- രൂപ (349985x1%)പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. അപാകതയിൽ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-28 എരുമപ്പെട്ടി പഴയ കെ.കെ.റോഡ് - ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 120/2019,എരുമപ്പെട്ടി പഴയ കെ.കെ റോഡ്-ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മനോജ് സി. എ. |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 155000 രൂപ /144158 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് റോഡ് 495000രൂപ/495000രൂപ |
| ചെലവ് | 144158 /-ചെക്ക് നമ്പർ 2796729-28/3/2019<br>495000/- ക്യൂ ബിൽ ആയതിനാൽ 2019-20 ൽ തുക നല്കി<br>ആകെ 639158 രൂപ |

ഈ പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹിക്കേണ്ടിയിരുന്നത് 845മീറ്റർ നീളം 3 മീറ്റർ വീതിയിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റീടാറിംഗ് ആയിരുന്നു. 29/11/2018ൽ എഗ്രിമെന്റ് വച്ച പ്രവൃത്തിയുടെ നിർവ്വഹണ സമയത്ത് റീടാറിംഗ് ചെയ്യേണ്ട നീളം 336 മീറ്ററും വീതി 2.80 മീറ്ററും ആയി കുറക്കുകയും 269മീ. നീളം ഐറിഷ് ഡ്രയിൻ നിർമ്മിക്കുകയും ചെയ്തു. പ്രവൃത്തിയുടെ ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അളവുപുസ്തകപ്രകാരം 363 മീ. നീളം റീടാറിംഗ് നടത്തിയതിൽ 96.4 മീ. നീളം വെറ്റ്മിക്സ് മെക്കാഡം ചെയ്തതായി രേഖപ്പെടുത്തി (22.79ക്യൂ മീ ) 71176.13 രൂപ മൂല്യം നിശ്ചയിച്ചിട്ടുണ്ട്. വെറ്റ്മിക്സ് മെക്കാഡം ചെയ്ത റോഡിന് പ്രൈം കോട്ട്, ബിറ്റുമിൻ കൂടിയ അളവിലുള്ള ടാക്ക് കോട്ട് എന്നിവ ആവശ്യമുണ്ടെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെയ്യാത്ത ഇനം പ്രവൃത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതായോ, അല്ലെങ്കിൽ പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചതായോ അനുമാനിക്കേണ്ടിയിരിക്കുന്നു. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ വെറ്റ്മിക്സ് മെക്കാഡം എന്ന പ്രവൃത്തിക്ക് ചെലവഴിച്ച 71176.13 രൂപ തടസ്സപ്പെടുത്തുന്നു. വിദഗ്ധസമിതി വിഷയം പരിശോധിച്ച് ആയതിന്റെ

അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം (റിവൈസ്ഡ്) കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിനാൽ സൈഡ് കോൺക്രീറ്റ് ചെയ്യണമെന്നും അതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനങ്ങളിൽ അളവിൽ കുറവ് വരുമെങ്കിലും ഇനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ ച.മീറ്ററിന് 145/- രൂപ നിരക്കിൽ കരാറുകാരൻ ചെയ്യേണ്ടിയിരുന്ന 20 എം എം ചിപ്പിംഗ് കാർപ്പറ്റ് എന്ന ഇനം (ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ളത്) റിവൈസ് ചെയ്ത സമയത്ത് മാറ്റി ബിറ്റുമിൻ അളവ് കൂടിയ ഇനം (ഷ്രഡഡ് പ്ലാസ്റ്റിക് ഒഴിവാക്കിയുള്ള 20 എം എം ചിപ്പിംഗ് കാർപ്പറ്റ്) ഉൾപ്പെടുത്തിയതിലൂടെ ച.മീറ്ററിന് 162.68 രൂപ നിരക്കിൽ കരാറുകാരന് നൽകേണ്ടി വന്നു. റോഡ് പ്രവൃത്തികളിൽ കുറഞ്ഞത് 20% എങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശമുള്ളപ്പോൾ ഇനം മാറ്റിയതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. അനാവശ്യമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതു മൂലം പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കരാർ പ്രകാരം നൽകേണ്ടിയിരുന്ന തുക<br><br>940.71 ക്യു മീ @ 145 | 136402.95 |
| നല്കിയ തുക<br><br>940.71ക്യു മീ @162.68 | 153034.70 |
| അധികം നല്കിയത് | 16631.75 |

വ്യക്തമായ കാരണം കൂടാതെ സ്പെസിഫിക്കേഷൻ മാറ്റിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നല്കിയ 16631.75 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-29 മണ്ണ് ഫില്ലിംഗ് പ്രവൃത്തി തുടർ നടപടികൾ സ്വീകരിച്ചില്ല.

ഗ്രാമീണചന്തയ്ക്ക് അടിസ്ഥാനസൗകര്യമൊരുക്കൽ, പകൽവീടിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ, മണ്ണ് ഫില്ലിംഗ് ആവശ്യമായ മറ്റ് പല പ്രോജക്ടുകൾക്കും ഫില്ല് ചെയ്യുന്നതിനുള്ള മണ്ണ് ലഭ്യമാക്കൽ എന്നീ ലക്ഷ്യങ്ങളോടെ പഞ്ചായത്തിലെ വാർഡ് 13-ൽ സ്ഥിതിചെയ്യുന്ന സൈനികക്ഷേമവകുപ്പിന് കീഴിലുള്ള ECHS (Ex-service men contributory Health sheme)-ന്റെ റസ്റ്റ് ഹൗസ്, പോളിക്ലിനിക് എന്നിവയുടെ നിർമ്മാണ സൈറ്റിൽ നിന്നും 5967 ഘനമീറ്റർ മണ്ണ് കുഴിച്ചെടുക്കുന്നതിന് വേണ്ടി 2015-16, 2016-17 സമ്പത്തികവർഷങ്ങളിൽ റോയൽറ്റി ഇനത്തിൽ ഖനനഭൂവിജ്ഞാന വകുപ്പിൽ 2,38,680/- രൂപ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ പകൽവീടിന് മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി നാളിതുവരെ 1214 ഘനമീറ്റർ മണ്ണ് മാത്രമാണ് ലഭ്യമായിട്ടുള്ളത്.

വസ്തു ഉടമസ്ഥതയെ സംബന്ധിച്ച തർക്കത്തെ തുടർന്ന് 2017-18, 2018-19 വർഷങ്ങളിൽ മണ്ണെടുപ്പ് തടസ്സപ്പെടുകയും തുടർന്ന് നടന്ന ചർച്ചകളിൽ തർക്കം പരിഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വച്ച നിരക്കിൽ ഇപ്പോൾ പ്രവൃത്തി നിർവ്വഹിക്കുന്നതിന് കരാറുകാരൻ വിസമ്മതം അറിയിക്കുകയും നിലവിൽ പ്രവൃത്തി മുടങ്ങിയ നിലയിലുമാണ്. പഞ്ചായത്ത് വികസനപ്രവർത്തനങ്ങൾക്ക് എറ്റെടുത്ത സ്ഥലം ഉപയോഗരഹിതമായും റോയൽറ്റി ഇനത്തിൽ ചെലവഴിച്ച 2,38,680/- രൂപ പ്രയോജനപ്പെടാതെയും കിടക്കുന്നു. ഇതിനോടകം ചെലവഴിച്ച തുക ഫലപ്രദമാക്കാൻ ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കട്ടിൽ വിതരണ പ്രോജക്ട് - ഒരേ വർഷം വ്യത്യസ്ത നിരക്കിൽ വാങ്ങൽ നടത്തി

| | |
|---|---|
| പദ്ധതി | കട്ടിൽ വിതരണം |

| | |
|---|---|
| പദ്ധതി നം. | S0088/2019<br>അടങ്കൽ : 1479000/- ചെലവ് : 1478823/- |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം & തനത് ഫണ്ട് |
| ബിൽ നം. | 18081252003301189685/12.02.2019 (1209250/-)<br>ചെക്ക് നം. 2796701/20.02.2019 (269573/-) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ, മണർകാട് |

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട്, ARTCO Ltd. എന്ന സ്ഥാപനത്തിൽ നിന്നും 340 കട്ടിലുകൾ ചരക്ക് സേവന നികുതിയുൾപ്പെടെ 14,78,823/- രൂപയ്ക്ക് വാങ്ങി, ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ARTCO Ltd ന്റെ KTM-134/05.02.2019 നം. ഇൻവോയ്സ് പ്രകാരം, ചരക്ക് സേവന നികുതിയുൾപ്പെടെ, Hard Wood Cot ന്റെ (Length-198 cm, Width-90 cm, Front leg length-60 cm, Back leg length-50 cm, 8 mm plywood top) യൂണിറ്റ് കോസ്റ്റ് 4349/- രൂപയാണ്. എന്നാൽ ടി സ്പെസിഫിക്കേഷനിലുള്ള Hard Wood Cot, ജി.ഒ (ആർ.റ്റി) നം. 04/2018/SPD/ 02.02.2018, നം. ഉത്തരവിൽ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. ഈ സാഹചര്യത്തിൽ വാങ്ങലുമായി ബന്ധപ്പെട്ട്, നിയതമായ ഓപ്പൺ ടെൻഡർ നടപടികൾ (പ്രസ്തുത വിഷയത്തിൽ പ്രോക്യൂർമെന്റ് മൂല്യം അഞ്ച് ലക്ഷം രൂപയിൽ അധികരിച്ചുള്ളതാകയാൽ, ഇ - ടെൻഡർ നടപടികൾ) സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ ബന്ധപ്പെട്ട വിഷയത്തിൽ, ടെൻഡർ നടപടികൾ സ്വീകരിക്കാതെ ARTCO Ltd ൽ നിന്നും ഡയറക്റ്റ് പർച്ചേസ് നടപടികൾ സ്വീകരിക്കുകയാണുണ്ടായത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCO Ltd ന് നൽകിയ, VEO-5/2018-19/ 05.01.2019 നം. കത്ത് പ്രകാരം, പദ്ധതി നിബന്ധനകളിലെ ക്രമ നം. (6) അനുസരിച്ച്, "മുകളിൽ പ്രതിപാദിച്ചിരിക്കുന്ന സ്പെസിഫിക്കേഷനിലുള്ള കട്ടിൽ ഒന്നിന് 4350/- രൂപ വിലയായിരിക്കും നൽകുന്നത്" എന്ന് ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018/ത.സ്വ.ഭ.വ/14.02.2018, ഖണ്ഡിക 7.1.13 (2) പ്രകാരം വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതിക്കായി, അറുപത് വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് "പരമാവധി" 4350/- രൂപയിൽ അധികരിക്കാതെ തുക ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. വിതരണ സ്ഥാപനം സർക്കാർ അംഗീകൃത ഏജൻസി ആണെങ്കിൽ പോലും പരമാവധി സബ്സിഡി തുക വിലയായി നൽകുന്നതായിരിക്കും എന്ന് മുൻകൂട്ടി അറിയിച്ച നടപടി ക്രമപ്രകാരമല്ല. പദ്ധതി നിർവ്വഹണത്തിൽ നെഗോസിയേഷന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. പ്രസ്തുത പ്രോജക്റ്റിന്റെ 14,79,000/-രൂപയുടെ അടങ്കൽ തുകയ്ക്ക് അംഗീകാരം നൽകിയതൊഴിച്ച് പ്രോക്യൂർമെന്റുമായി ബന്ധപ്പെട്ട് മറ്റ് യാതൊരുവിധ തീരുമാനങ്ങളും ബന്ധപ്പെട്ട പ്രോക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി, അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട ഗുണഭോക്താക്കൾക്കായി കട്ടിൽ വിതരണം എന്ന പദ്ധതിയിൽ (പദ്ധതി നം. SOO16/2018-19), ചരക്ക് സേവന നികുതിയുൾപ്പെടെ യൂണിറ്റ് കോസ്റ്റ് 3333/-രൂപ പ്രകാരം ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങളിലൂടെ, ശ്രീ. വിനോദ്.ടി.കെ, തടത്തിൽ, പനച്ചിക്കാട്, കോട്ടയം എന്ന വ്യക്തിയിൽ നിന്നും വാങ്ങൽ നടത്തി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നു. 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കേണ്ടിയിരുന്ന എല്ലാ കട്ടിൽ വാങ്ങൽ പദ്ധതികളും ഏകീകരിച്ച് ടെൻഡർ നടപടികൾ സ്വീകരിക്കാതിരുന്നത് മൂലം വിലയിൽ ഭീമമായ വ്യത്യാസം വരുകയും, തൻമൂലം അനാവശ്യമായ അധികചെലവ് ഉണ്ടാകുകയും ചെയ്തു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [25/12.02.2020], സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ പദ്ധതി ഭേദഗതി ചെയ്തതിനാലും, വാങ്ങൽ പദ്ധതി ആദ്യമായി നിർവ്വഹണം നടത്തിയതിനാൽ പദ്ധതിനിർവഹണത്തിന്റെ അവസാന നാളുകളിലെ തിരക്ക് മൂലം വിദഗ്ധോപദേശം സ്വീകരിക്കാൻ സാധിക്കാതിരുന്നതിനാലും സംഭവിച്ചുപോയിട്ടുള്ള അപാകതകൾ മാപ്പാക്കണമെന്നുമുള്ള മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

മണർകാട് ഗ്രാമപഞ്ചായത്തിൽ തന്നെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിട്ടിട്ടുള്ള കട്ടിൽ വിതരണ പദ്ധതിയുള്ള (പദ്ധതി നം. S0016/2018-19) നിരക്കുമായുള്ള (ചരക്ക് സേവന നികുതിയുൾപ്പെടെ യൂണിറ്റ് കോസ്റ്റ് 3333/-രൂപ പ്രകാരം) വ്യത്യാസം പരിഗണിക്കുമ്പോൾ 3,45,603/- രൂപയുടെ വ്യക്തമായ അധികചെലവ് സംഭവിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വാർഷിക പദ്ധതിയിൽ ഒരേ സ്വഭാവമുള്ള രണ്ട് പ്രോജക്ടുകൾ നിർവ്വഹണം നടത്തിയതിൽ, ഫലത്തിൽ പൊതുവിഭാഗത്തിനും പട്ടികവർഗ്ഗവിഭാഗത്തിനും മൂല്യത്തിലും ഗുണനിലവാരത്തിലും വ്യത്യസ്ത ഉത്പന്നങ്ങൾ നൽകിയ അവസ്ഥയാണുള്ളത്. പ്രസ്തുത നടപടി ഒരിക്കലും നീതീകരിക്കാവുന്നതല്ല. ആയതിനാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും ഉൾപ്പെടെ 3,45,603/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 3,45,603/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർവർഷങ്ങളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സമാന അപാകതകൾ സംഭവിക്കാതിരിക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-31 ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതി | പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം |
| പദ്ധതി നം. | S0031/2019<br>അടങ്കൽ : 35000/-<br>ചെലവ് : 31850/- |
| ബിൽ നം. | 07/2018-19 / 23.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ഗവ. യു. പി സ്കൂൾ, മാലം |

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്.

1) ഗ്രീഷ്മ ഷാജി, വലിയ ഊഴത്തിൽ, മണർകാട്, കോട്ടയം

2) ദേവിക വിനോദ്, വലിയ ഊഴത്തിൽ, മണർകാട്, കോട്ടയം

രണ്ട് സ്റ്റഡി ടേബിളുകൾക്കായി 6600/- രൂപയും [2 x 3300/-], രണ്ട് സ്റ്റെയിൻലസ്സ് സ്റ്റീൽ കസേരകൾക്കായി 2500/- രൂപയും [2 x 1250/-] ഉൾപ്പെടെ ആകെ 9100/- രൂപ പദ്ധതിയുടെ ഭാഗമായി, ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ഊരുകൂട്ടം അംഗീകരിച്ച ഗുണഭോക്തൃപട്ടികയിലോ ഊരുകൂട്ടം മിനിറ്റ്സ് ബുക്ക് രേഖകളിലോ, ടി വ്യക്തികൾ ഉൾപ്പെട്ടിട്ടുള്ളയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [18/12.02.2020], ടി വ്യക്തികൾ അന്തിമ ഗുണാഭോക്തൃലിസ്റ്റിൽ [പ്രിന്റഡ്] ഉൾപ്പെട്ടിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ഊരുകൂട്ടം മിനിറ്റ്സ് ബുക്ക് രേഖകളിൽ ഉൾപ്പെടാത്തവർ, എപ്രകാരം അച്ചടിച്ച് പ്രസിദ്ധീകരിച്ച അന്തിമ ഗുണാഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടുവെന്ന് വ്യക്തമല്ല. പഠനോപകരണങ്ങൾ നൽകിയത് അർഹതപ്പെട്ട വ്യക്തികൾക്കുതന്നെയാണെങ്കിൽ, ടി നടപടിക്ക്, ബന്ധപ്പെട്ട ഊരുകൂട്ടത്തിന്റെ സാധൂകരണം ലഭ്യമാക്കേണ്ടതും,

മിനിറ്റ്സ് ബുക്ക് രേഖകളുടെ പകർപ്പ് ഉൾപ്പെടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുടർ വർഷങ്ങളിൽ സമാന അപാകതകൾ ഉണ്ടാകാതിരിക്കുവാൻ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-32 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് വിതരണം - തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല

| | |
|---|---|
| പദ്ധതി | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വാട്ടർ ടാങ്ക് വിതരണം |
| പദ്ധതി നം. | S0036/2018-19<br>അടങ്കൽ : 65395/- ചെലവ് : 64629/-<br>S0037/2018-19<br>അടങ്കൽ : 76560/- ചെലവ് : 75108/- |
| ബിൽ നം. | 07/2018-19/ 07.02.2019 [41470/- SC]<br>08/2018-19/ 07.02.2019 [38280/- ST]<br>09/2018-19/ 25.03.2019 [22473/- ST]<br>10/2018-19/ 25.03.2019 [10399/- SC]<br>112622/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട്, ചരക്ക് സേവന നികുതിയുൾപ്പെടെ യൂണിറ്റ് കോസ്റ്റ് 1595/- രൂപ പ്രകാരമുള്ള ക്വട്ടേഷൻ സമർപ്പിച്ച നീമ ഏജൻസീസ്, കോട്ടയം എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷന് അംഗീകാരം നൽകുകയും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട '41' ഗുണഭോക്താക്കളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട '48' ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ '89' പേരുടെ ഗുണഭോക്തൃവിഹിതം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ രസീത് ബുക്ക് പ്രകാരം സ്വീകരിച്ചിട്ടുള്ളതാണ് [89 x 400/- = 35600/-]. വാട്ടർ ടാങ്ക് ഒന്നിന്, 1195/- രൂപ പ്ലാൻ ഫണ്ട് വിഹിതവും, 400/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ ആകെ 1595/- രൂപ പ്രകാരമാണ് പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. സ്ഥാപനത്തിൽ നിന്നും ലഭ്യമായിട്ടുള്ള സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താക്കൾ | പദ്ധതി പ്രകാരം ചെലവഴിക്കേണ്ടിയിരുന്നത് | | ചെലവഴിച്ചത് | | വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|
| | പ്ലാൻ ഫണ്ട് വിഹിതം [SCP & TSP] | ഗുണഭോക്തൃ വിഹിതം | പ്ലാൻ ഫണ്ട് വിഹിതം [SCP & TSP] | ഗുണഭോക്തൃ വിഹിതം | |
| പട്ടികജാതി വിഭാഗം | 48995/-<br>[41 x 1195/-] | 16400/-<br>[41 x 400/-] | 51869/- | 12760/- | 2874 |
| പട്ടികവർഗ്ഗ വിഭാഗം | 57360/-<br>[48 x 1195/-] | 19200/-<br>[48 x 400/-] | 60753/- | 14355/- | 3393 |

വികസന ഫണ്ടിലെ അധികച്ചെലവുമൂലം ഉണ്ടായ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [19/12.02.2020] വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക തിരികെ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട '41' ഗുണഭോക്താക്കളും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട '48' ഗുണഭോക്താക്കളും ഉൾപ്പെടെ ആകെ '89' പേരുടെ ഗുണഭോക്തൃവിഹിതം, നിർവ്വഹണ ഉദ്യോഗസ്ഥന് പണംപിരിവിനായി നൽകിയിരുന്ന രസീത് ബുക്ക് പ്രകാരം സ്വീകരിച്ചിട്ടുള്ളതാകയാൽ [89 x 400/- = 35600/-], വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 6267/-(3393+2874)രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, തുടർ വർഷങ്ങളിൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-33 വലിയ ഊഴം പട്ടികവർഗ്ഗ സാംസ്കാരിക നിലയം - ത്രിതല പഞ്ചായത്തിന്റെയും സർക്കാരിന്റെയും വിവിധ പദ്ധതി ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ ഗുരുതരമായ വീഴ്ച

മണർകാട് ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലുൾപ്പെട്ടവരുടെ സാംസ്കാരിക ഉന്നമനത്തിനും പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന്റെയും ഭാഗമായി സർക്കാർ, ത്രിതല പഞ്ചായത്ത് ഭരണ സംവിധാനങ്ങളുടെ ക്രിയാത്മകമായ ഇടപെടലോടുകൂടി വിവിധ പ്രോജക്ടുകൾ ഭീമമായ തുക ചെലവഴിച്ച് ഗ്രാമ പഞ്ചായത്ത് വാർഡ് XIIIൽ ഉൾപ്പെട്ട വലിയ ഊഴം പട്ടികവർഗ്ഗസങ്കേതം കേന്ദ്രീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതാണ്. പ്രസ്തുത സങ്കേതത്തിൽ ഒരു സാംസ്കാരിക നിലയം, 2013-14 വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് മണർകാട് ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ ടി സാംസ്കാരിക നിലയവും, നിലയത്തിലേക്ക് വിവിധ പ്രോജക്ടുകൾ പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ഫർണിച്ചറുകളും ഉപകരണങ്ങളും ടി ജനവിഭാഗങ്ങൾക്ക് പ്രയോജനപ്രദമാകുന്നില്ലെന്ന് മാത്രമല്ല, നിഷ്ക്രിയമായി സൂക്ഷിക്കപ്പെടുന്ന അവസ്ഥയുമാണ് നിലവിലുള്ളതെന്ന്, 2018-19 ഗ്രാമ പഞ്ചായത്ത് വാർഷിക ഓഡിറ്റിന്റെ ഭാഗമായുള്ള ഭൗതിക പരിശോധനയിൽ, ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.




*വല്ലൂഴം പട്ടികവർഗ്ഗ സാംസ്കാരികനിലയം*



2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി സാംസ്കാരിക നിലയത്തിലേക്ക് വിവിധ പുസ്തകങ്ങൾ, അലമാര, മേശ, കസേര, എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും, സാധന സാമഗ്രികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ത്രിതല പഞ്ചായത്ത് ഫണ്ടുകൾ, പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ടുകൾ, മറ്റിതര സർക്കാർ ഫണ്ടുകൾ എന്നിവ ചെലവഴിച്ചുകൊണ്ട് മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള വിവിധ സാധനസാമഗ്രികൾ, ഉത്തരവാദിത്വബോധത്തിന്റെയും കുറ്റമറ്റ നിയന്ത്രണ സംവിധാനത്തിന്റെയും ബോധവത്ക്കരണത്തിന്റെയും അപര്യാപ്തത മൂലം നാശോന്മുഖമായിരിക്കുന്ന അവസ്ഥയാണുള്ളത്. Sony LED TV, Acer Desktop Computer [കമ്പ്യൂട്ടർ ടേബിൾ ഉൾപ്പെടെ എല്ലാ അനുബന്ധ ഉപകരണങ്ങളും സഹിതം], ആംപ്ലിഫയർ ഉൾപ്പെടെയുള്ള അഹൂജ സൗണ്ട് സിസ്റ്റം, നിരവധി തയ്യൽ മെഷിനുകൾ, ക്യാരംസ് ബോർഡ്, നിരവധി സ്റ്റീൽ അലമാരകൾ, മേശകൾ, കസേരകൾ തുടങ്ങിയവ പ്രയോജനപ്പെടുത്താതെ നിഷ്ക്രിയമായി നിലനിർത്തിയിരിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവയിൽ, ഇലക്ട്രിക്കൽ/ഇലക്ട്രോണിക് സാമഗ്രികൾ ബ്രാൻഡഡ് കമ്പനികളുടെ കാർട്ടൺ പോലും നീക്കം ചെയ്യാതെ, ലഭിച്ചത് അതേ നിലയിൽ കാലങ്ങളായി ഉപയോഗശൂന്യമായി നിലനിർത്തിയിരിക്കുന്ന അവസ്ഥയാണുള്ളത്. സാംസ്കാരിക നിലയം നിർമ്മിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വിതരണം ചെയ്യപ്പെട്ട സാധന സാമഗ്രികളുടെ എണ്ണവും ഇനവും സംബന്ധിച്ച് രേഖപ്പെടുത്തേണ്ട വ്യക്തവും ആധികാരികവുമായ ഒരു സ്റ്റോക്ക് രജിസ്റ്റർ ഗ്രാമ പഞ്ചായത്തിന്റെയോ ഊരുകൂട്ടത്തിന്റെയോ കൈവശമില്ലെന്നത് വസ്തുതയാണ്.

വിലയേറിയ ഉപകരണങ്ങൾ അന്യാധീനപ്പെടാവുന്ന അവസ്ഥ നിലനിൽക്കുന്നു. വിവിധ പ്രോജക്ടുകൾ പ്രകാരം വ്യക്തമായ ആസൂത്രണമില്ലാതേയും കാഴ്ചപ്പാടില്ലാതെയും വാങ്ങി വിതരണം ചെയ്തിട്ടുള്ള ഉപകരണങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള തുടർ പ്രോജക്ടുകളും ബോധവത്ക്കരണവും പരിശീലനവും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

പട്ടികവർഗ്ഗ വികസന ഫണ്ടുകൾ, പ്രത്യേക ജനവിഭാഗത്തിന്റെ സാമൂഹിക ഉന്നമനത്തിനും സാംസ്കാരിക പുരോഗതിക്കും ഉതകുന്ന രീതിയിൽ ചെലവഴിക്കേണ്ടതാണെന്നിരിക്കെ, അവ കേവലം വാർഷിക പദ്ധതികളുടെ നിർബന്ധിത വകയിരുത്തലും ചെലവഴിക്കലും മാത്രമായി പരിമിതപ്പെടുന്ന അവസ്ഥ ഒട്ടുംതന്നെ ആശാസ്യമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രസ്തുത വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. വിഷയത്തിന്റെ പ്രാധാന്യം പരിഗണിച്ച്, അടിയന്തിര പരിഹാരനടപടികൾ

സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-34 മാലിന്യസംസ്കരണസംവിധാനം ഫലപ്രദമല്ല.

മാലിന്യസംസ്കരണത്തിന് പഞ്ചായത്ത് വൻ തുക ചെലവഴിക്കുന്നുണ്ടെങ്കിലും ആയത് ഫലപ്രദമാക്കുന്നതിന് പഞ്ചായത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഹരിതകർമ്മസേന പ്രവർത്തനം സജീവമല്ല. മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ആവശ്യത്തിന് മുൻ വർഷങ്ങളിൽ നടത്തിയ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി പഞ്ചായത്ത് പരിസരത്ത് ഒരു ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഇൻസിനറേറ്റർ നാളിതു വരെ പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ലെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. 2017-18 വരെ ഈ പ്രോജക്ടിനായി 567499/- രൂപയുടെ ചെലവ് നടത്തിയിരുന്നു. തൻവർഷം ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുള്ള സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുന്നതിന് 266128/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി ധനകാര്യകമ്മീഷൻ വിഹിതത്തിൽ നിന്നും 395620/- രൂപ ചെലവഴിച്ച് (ബിൽ നം.17/17-18/ 26-02-18) ദിനമിത്രു, ചെങ്ങളം സൗത്ത് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 6 എയ്റോബിക് ബിന്നുകൾ ഷെഡ്ഡുൾപ്പെടെ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുണ്ട്. ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഹരിതകർമ്മസേനയുടെ സഹായത്തോടെ ജൈവമാലിന്യങ്ങൾ ശേഖരിച്ച് ജൈവകമ്പോസ്റ്റാക്കി മാറ്റി കമ്പോളത്തിൽ വിൽക്കുക എന്ന ഉദ്ദേശത്തോടെയാണ് പദ്ധതി ആരംഭിച്ചിരിക്കുന്നതെങ്കിലും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. തുടർ പരിപാലനത്തിന്റെയും തുടർ പ്രോജക്ടുകളുടെയും അഭാവം മൂലം ശാസ്ത്രീയമായ മാലിന്യസംസ്കരണം ലക്ഷ്യമിട്ട് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രാരംഭചെലവുകൾ പാഴായി പോകുന്നത് മൂലമുള്ള പൊതുഫണ്ടിന്റെ നഷ്ടം ബന്ധപ്പെട്ടവരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

മാലിന്യസംസ്കരണത്തിന് ഇതിനോടകം ചെലവഴിച്ച 12,29,247/-രൂപ നിഷ്ക്രിയമായി അവശേഷിക്കുന്നു. ഭരണസമിതി വിഷയത്തിൽ ഇടപെടേണ്ടതും മാലിന്യസംസ്കരണസംവിധാനങ്ങൾ ഫലപ്രദമാക്കേണ്ടതുമാണ്.

### 1-35 ഇ- ടെൻഡർ തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്കു ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 ൽ റർബൻ ഉൾപ്പെടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടത്തിയിരുന്നു. ഇ-ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിനു ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര് | അടങ്കൽ തുക | ലഭിച്ച ടെൻഡറുകളുടെ എണ്ണം |
|---|---|---|---|
| 1. | പാലക്കോട്ടുപടി-തെക്കേമൈലക്കാട്ടു റോഡ് കോൺക്രീറ്റിംഗ് വാർഡ് -3 | 600000/- | 3 |
| 2 | കുമ്പള പള്ളി പടി-പള്ളിയാമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ് വാർഡ്-6 | 500000/- | 2 |

| | | | |
|---|---|---|---|
| 3 | ഞാറക്കൽപടി പള്ളിക്കുന്ന് ശ്മശാനം റോഡ് കോൺക്രീറ്റിംഗ് – വാർഡ്-3 | 313500/- | 3 |
| 4 | ഹോമിയോ ആശുപത്രി-പൊക്കണാമറ്റം റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ് – വാർഡ്-6 | 346500/- | 2 |
| 5 | 101-മരോട്ടിപുഴ മുന്നോടിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് -7 | 250000/- | 2 |
| 6 | 103-പുളിയേരിപ്പടി-പള്ളിയാമ്പിൽ പടി കോൺക്രീറ്റിംഗ് റോഡ് – വാർഡ്-7 | 200000/- | 2 |
| 8 | 157- വെന്നാശ്ശേരിൽ -കൊച്ചുമറ്റം റോഡ് കോൺക്രീറ്റിഗ് – വാർഡ്-14 | 300000/- | 1 |
| 9 | 160-വല്യൂഴം റോഡ് സൈഡ് കോൺക്രീറ്റിഗ് വാർഡ്-13 | 400000/- | 1 |
| 10 | 66-തൊട്ടിക്കുന്നേൽ-പൂവങ്കുന്നേൽ റോഡ് കോൺക്രീറ്റിഗ് – വാർഡ്-9 | 114606 | 1 |
| 11 | 85-പാട്ടത്തിൽ പടി-വാലെപടി റോഡ് കോൺക്രീറ്റിഗ് വാർഡ്-4 | 200000/- | 4 |
| 12. | 90-മൗണ്ട്മേരി-ചേലക്കുന്നു റോഡ് കോൺക്രീറ്റിഗ് വാർഡ്-5 | 150000/- | 4 |
| 13 | 122-തിരുമുറ്റംപടി കരിമ്പനത്തറ പടിറോഡ് കോൺക്രീറ്റിഗ് – വാർഡ്-15 | 155500/- | 1 |
| 14 | 66-തൊട്ടിപ്പടി-പൂവങ്കുന്നേൽ റോഡ് കോൺക്രീറ്റിഗ് വാർഡ്-9 | 125000/- | 2 |
| 15 | 270-എം.സി.എഫ്. നിർമ്മാണം | 690918/- | 1 |
| 16 | റർബൻ മിഷൻതാഴത്തിക്കര-പായിപ്രപ്പടി-പൊരിയന്ത്രമറ്റം റോഡ് കോൺക്രീറ്റിഗ് – വാർഡ്-1 | 250000/- | 2 |
| 17 | 86-ചെമ്മങ്കുന്ന്-ഉരുത്തിപ്പടി റോഡ് കോൺക്രീറ്റിഗ്&ബേംനിർമ്മാണം – വാർഡ്-4 | 500000/- | 1 |
| 18 | മൂലെപ്പടി-തോട്ടപ്പടി കല്ലുവെട്ടം റോഡ് കോൺക്രീറ്റിഗ് വാർഡ്-16&17 | 500000/- | 4 |
| 19 | എരുമപ്പെട്ടി-പഴയകെ.കെ റോഡ് റീടാറിംഗ് വാർഡ്-12 | 650000/- | 1 |

| | | | |
|---|---|---|---|
| 20 | പൂതവേലി പടി-കൊട്ടാരത്തിൽപടി കോൺക്രീറ്റിഗ്, റികോൺക്രീറ്റിഗ് &റിടെയ്നിംഗ് വാൾ നിർമ്മാണം വാർഡ്-6 | 530000/- | 2 |

### 1-36 നെൽകൃഷി കൂലി ചെലവ് സബ്സിഡി നല്കൽ - ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 47/19 നെൽകൃഷികൂലി ചെലവ് സബ്സിഡി നല്കൽ |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 1653219/- വികസന ഫണ്ട് |
| ചെലവ് | 1364680/- വികസന ഫണ്ട് |

പരിശോധനയ്ക്കായി ലഭ്യമാക്കിയ മേൽ പ്രോജക്ടിന്റെ ഫയലിൽ സബ്സിഡി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം കൂലി ചെലവ് സംബന്ധിച്ച രേഖകൾ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.6) നല്കി. കർഷകരിൽ നിന്നും Appendix-1ൽ അപേക്ഷയും ചെലവായ തുകയും എഴുതി വാങ്ങുകയാണ് ചെയ്യുന്നതെന്നും കൃഷിസ്ഥലങ്ങൾ നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടാണ് സബ്സിഡി തുക നല്കിയതെന്നും കൃഷി വകുപ്പിന്റെ പദ്ധതികളിൽ ഇപ്രകാരമാണ് ചെയ്തു വരുന്നതെന്നും ആയതിനാൽ ചെലവ് സംബന്ധിച്ച രേഖകൾ കർഷകരിൽ നിന്നും വാങ്ങുന്നില്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി/വിശദീകരണം ഒരു തരത്തിലും അംഗീകരിക്കാവുന്നതല്ല. പൊതുഫണ്ടിൽ നിന്നുള്ള ചെലവുകൾക്ക് നിദാനമായ രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുമ്പോൾ ആനുകൂല്യങ്ങൾ നല്കുന്നതിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും സ്വീകരിച്ച പരിഹാരനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-37 പാലിയേറ്റിവ് കെയർ ആംബുലൻസ് - ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പി.എച്ച്.സി യിൽ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായുള്ള പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന KL05 AH 1931 നം. ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 19-03-18 മുതൽ 19-04-18 വരെയും 10-10-18 മുതൽ 30-04-19 വരെയുമുള്ള (ടി കാലയളവിൽ വാഹനത്തിൽ യാത്ര ചെയ്തയാളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല). കാലയളവിൽ കൺട്രോളിംഗ് ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ചിട്ടില്ല.

2. ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

3.റിപ്പയറിംഗ് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം- 8) നല്കി. ലോഗ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഹാജരാക്കികൊള്ളാം എന്ന മറുപടിയാണ് ലഭിച്ചത്. യഥാസമയം നടത്തേണ്ട യാത്രാ സംബന്ധമായ രേഖപ്പെടുത്തലുകൾ ഓഡിറ്റ് നിർദ്ദേശാനുസരണം തുടർന്ന് രേഖപ്പെടുത്തുന്നതാണെന്നുള്ള മറുപടി യുക്തിസഹമല്ലാത്തതിനാൽ അംഗീകരിക്കാവുന്നതല്ല. ലോഗ് ബുക്കിലെ വിവരങ്ങൾ കാലികമായി സൂക്ഷിക്കേണ്ടതും കൺട്രോളിംഗ് ഓഫീസർ ലോഗ് ബുക്ക് യഥാസമയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും സ്വീകരിച്ച പരിഹാരനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-38 കന്നുകുട്ടി പരിപാലനപദ്ധതി-വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 5/19കന്നുകുട്ടി പരിപാലനപദ്ധതി |
| നിർവഹണദ്യോസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 750000/- |
| ചെലവ് | 750000/- |
| ബിൽ നം. | 1/18-19/28-07-18 |

60 ഗുണഭോക്താക്കൾക്ക് 12,500/- രൂപ നിരക്കിൽ ആകെ തുകയായ 7,50,000/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിനു നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്

### 1-39 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ക്രമപ്രകാരമല്ലാതെ അക്കൗണ്ട് സൂക്ഷിക്കുന്നു - ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്ബിഐയിൽ ഉള്ള 37114317586 നമ്പർ അക്കൗണ്ടിൽ തനത്ഫണ്ടിൽ നിന്നുള്ള വർക്കുകളുടെ റിക്വിസിഷൻ പ്രകാരമുള്ള തുകകളും റർബൻ മിഷൻ ഫണ്ട് മുഖേനയുള്ള പ്രോജക്ടുകളുടെ ചെലവുതുകകളും നിക്ഷേപിക്കുകയും ഈ അക്കൗണ്ടിൽ നിന്നും ചെക്കുകൾ പ്രകാരം കരാറുകാർക്ക് തുക നൽകുകയും ചെയ്തു വരുന്നു. ഈ രീതിയിൽ ഒരു അക്കൗണ്ട് ആരംഭിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ബില്ലിൽ നിന്നും നേരിട്ട് ക്രമീകരിക്കേണ്ട വർക്കേഴ്സ് വെൽഫയർ ഫണ്ട്, ഇൻകം ടാക്സ് എന്നിവ അതാത് സ്ഥാപനങ്ങൾക്ക് ഒടുക്കാതെ ടി അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇപ്രകാരം ബിൽ തുക മാറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. അക്കൗണ്ടിൽ 21-11-19 ൽ 527659/-രൂപ അവശേഷിക്കുന്നു.

ഫണ്ട് വിനിയോഗത്തിനുള്ള സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഇപ്രകാരം ക്രമപ്രകാരമല്ലാതെ വാണിജ്യബാങ്കിൽ അക്കൗണ്ട് നിലനിർത്തുന്നതും ക്രമപ്രകാരമല്ലാതെ സാമ്പത്തികവിനിമയങ്ങൾ നടത്തുന്നതും ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് അവശേഷിക്കുന്ന തുകയുടെ ഇനവിവരം നിർണ്ണയിക്കേണ്ടതും ബാധ്യതപ്പെട്ട തുകകൾ ഒടുക്കിയതിന് ശേഷം അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

മേൽ പരാമർശിത നിയമവ്യവസ്ഥകൾ പ്രകാരം ചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന പരാമർശങ്ങൾ ഇല്ല. ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഖണ്ഡികകളിൽ പരാമർശിക്കുന്ന അപാകതകളിന്മേൽ ഭരണതല തുടർനടപടികൾ സ്വീകരിച്ച് ബാധകമായ നിയമങ്ങൾ പ്രകാരമുള്ള റിക്കവറി നടപടികളും തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് പ്രവൃത്തി-കരാറുകാരന് അധികതുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 237/2018-2019,<br>ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡ് മണ്ണ് ഫില്ലിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 200000 രൂപ /181780രൂപ |
| ചെലവ് വിവരം | 181780 /-ചെക്ക് നമ്പർ 21800327-25/7/2018 |

ഈരേച്ചേരിപ്പടി-കൊക്കരവാലേപ്പടി റോഡിന്റെ 223മീറ്റർ നീളം 90 സെ.മീ കനത്തിൽ മണ്ണ് നിറയ്ക്കുന്ന പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിൽ ചെയ്യുന്നതിന് ശ്രീ. ജോഷി തോമസ് എന്നയാൾ കരാറെടുക്കുകയും 604.261 ക്യൂ മീ മണ്ണ് നിറയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരന്റെ സ്വന്തം മണ്ണ് മനുഷ്യപ്രയത്നം ഉപയോഗിച്ച് ഇടിച്ച് ഉറപ്പിക്കുന്നതിനുള്ള നിരക്കായ 300.83/ക്യൂ.മീ ആണ് കരാറുകാരന് നല്കിയത് (ആകെ 604.261x300.83=181779/-). ഡി.എസ്.ആർ സ്പെസിഫിക്കേഷൻസ് 1.27.1.2 പ്രകാരം യന്ത്രോപകരണങ്ങളുടെ സഹായത്തോടെയുള്ള ഉറപ്പിക്കൽ അല്ലെങ്കിൽ ഫില്ലിംഗിന്റെ 10% കുറവ് ചെയ്യേണ്ടതുണ്ട്. ഇത് പാലിക്കാത്തതു മൂലം കരാറുകാരന് അധിക നിരക്ക് നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കരാറുകാരന് നല്കിയ തുക 604.261 ക്യൂ മീ മണ്ണിന് 300.83 രൂപ നിരക്കിൽ ആകെ നല്കിയത് | 181799.00 |
| 10% കുറച്ചുള്ള അളവായ 543.83 ക്യൂ മീ മണ്ണിന് 300.83 രൂപ നിരക്കിൽ ആകെ നല്കാവുന്ന തുക | 163601.88 |
| അധികം നല്കിയത് | 18198/-രൂപ |

അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്കാണ് നല്കിയതെന്നും മറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാലാണ് ഇത് നല്കിയതെന്നും മറുപടി നല്കി. എന്നാൽ റോഡ് സബ് ബേസ് നിർമ്മാണത്തിന് റോഡ്റോളർ ഉപയോഗിച്ച് മണ്ണ് ഇടിച്ചുറപ്പിക്കുന്നതിനുള്ള ഇനങ്ങൾ ഡി.എസ്.ആർ.ൽ ലഭ്യമാണ് എന്നതിനാലും കണക്കാക്കപ്പെട്ട നിരക്കിൽ മെഷീനറി ഉപയോഗിച്ചുള്ള കൺസോളിഡേഷനുള്ള ഘടകം ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നല്കിയ 18198/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.പ്രസ്തുത റോഡിൽ ഏകദേശം 1/4 കി.മീ. നീളത്തിലും 3 മീറ്റർ വീതിയിലും 90 സെ.മീ. ആഴത്തിലും മനുഷ്യാദ്ധ്വാനം മാത്രം പ്രയോജനപ്പെടുത്തി മണ്ണ് ഫില്ലിംഗ് നടത്തേണ്ടി വന്ന സാഹചര്യം വ്യക്തമല്ല. മേൽ വിവരിച്ച പ്രകാരം അധികം നല്കിയ 18198/- രൂപയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കൃഷ്ണൻകുട്ടി ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-2 എരുമപ്പെട്ടി പഴയ കെ.കെ റോഡ്-ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് - അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 120/2019,എരുമപ്പെട്ടി പഴയ കെ.കെ റോഡ്-ശങ്കരശ്ശേരി റോഡ് റീ ടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | മനോജ് സി എ |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 155000 രൂപ /144158 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് റോഡ് 495000രൂപ/495000രൂപ |
| ചെലവ് | 144158 /-ചെക്ക് നമ്പർ 2796729-28/3/2019<br>495000/- ക്യൂ ബിൽ ആയതിനാൽ 2019-20 ൽ തുക നല്കി<br>ആകെ 639158 രൂപ |

ഈ പ്രവൃത്തിയുടെ ആദ്യ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത് 845മീറ്റർ നീളം 3മീറ്റർ വീതിയിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റീടാറിംഗ് ആയിരുന്നു. 29/11/2018 ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി നിർവ്വഹണ സമയത്ത് റിവൈസ് ചെയ്ത് നീളം 336 മീറ്ററും വീതി 2.80 മീറ്ററും ആയി കുറക്കുകയും 269മീ നീളം ഐറിഷ് ഡ്രയിൻ നിർമ്മിക്കുകയും ചെയ്തു. പ്രവൃത്തിയുടെ ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

അളവുപുസ്തകപ്രകാരം 363 മീ നീളം റീടാറിംഗ് നടത്തിയതിൽ 96.4 മീ നീളം വെറ്റ്മിക്സ് മെക്കാഡം ചെയ്തതായി രേഖപ്പെടുത്തി (22.79ക്യ മീ )71176.13 രൂപ ചെലവഴിച്ചിട്ടുണ്ട്. വെറ്റ്മിക്സ് മെക്കാഡം ചെയ്ത റോഡിന് പ്രൈം കോട്ട്, ബിറ്റുമിൻ കൂടിയ അളവിലുള്ള ടാക്ക് കോട്ട് എന്നിവ ആവശ്യമുണ്ടെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കുകയോ അളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെയ്യാത്ത ഇനം പ്രവൃത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയതായോ , അല്ലെങ്കിൽ പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിച്ചതായോ അനുമാനിക്കേണ്ടിയിരിക്കുന്നു. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ വെറ്റ്മിക്സ് മെക്കാഡം എന്ന പ്രവൃത്തിക്ക് ചെലവഴിച്ച 71176.13 രൂപ തടസ്സപ്പെടുത്തുന്നു. വിദഗ്ധസമിതി വിഷയം പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം (റിവൈസ്ഡ്) കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിനാൽ സൈഡ് കോൺക്രീറ്റ് ചെയ്യണമെന്നും അതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നും ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടാറിംഗ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനങ്ങളിൽ അളവിൽ കുറവ് വരുമെങ്കിലും ഇനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ ച.മീറ്ററിന് 145/- രൂപ നിരക്കിൽ കരാറുകാരൻ ചെയ്യേണ്ടിയിരുന്ന 20 എം എം ചിപ്പിംഗ് കാർപ്പറ്റ് എന്ന ഇനം (ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ളത്) റിവൈസ് ചെയ്ത സമയത്ത് മാറ്റി ബിറ്റുമിൻ അളവ് കൂടിയ ഇനം ഉൾപ്പെടുത്തിയതിലൂടെ ച.മീറ്ററിന് 162.68 രൂപ നിരക്കിൽ കരാറുകാരന് നൽകേണ്ടി വന്നു. റോഡ് പ്രവൃത്തികളിൽ കുറഞ്ഞത് 20% എങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് നിർദ്ദേശമുള്ളപ്പോൾ ഇനം മാറ്റിയതിനുള്ള കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. അനാവശ്യമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതു മൂലം പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കരാർ പ്രകാരം നല്കേണ്ടിയിരുന്ന തുക<br>940.71 ക്യ മീ @ 145 | 136402.95 |
| നല്കിയ തുക<br>940.71ക്യ മീ @162.68 | 153034.70 |
| അധികം നല്കിയത് | 16631.75 |

അധികം നല്കിയ 16631.75 രൂപയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കൃഷ്ണൻകുട്ടി ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-3 സെപ്റ്റിക് ടാങ്ക് നിർമ്മാണം- മണ്ണ് നീക്കം ചെയ്യൽ മാത്രമാക്കി പ്രവൃത്തി അവസാനിപ്പിച്ചു

മണർകാട് ഗ്രാമപഞ്ചായത്ത് പരിസരത്ത് സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതിനായി 1.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു. 2017-18 വർഷം 80/2017-18 നമ്പരായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായ പ്രോജക്ടായിരുന്നു ഇത്. പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി Earth Work Excavation, 1:4:8cc എന്നിവ മാത്രം ചെയ്ത് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്തതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 10-7-18 ലെ 1(2) നം തീരുമാനപ്രകാരം 9330/-രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചെക്ക് നം 581988/28-7-18 പ്രകാരം നൽകിയിട്ടുണ്ട്. ടി മരാമത്ത് പ്രവൃത്തിയ്ക്ക് ടെൻഡർ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, അളവുകളെടുത്ത എംബുക്ക് രേഖപ്പെടുത്തലുകൾ, തുക കരാറുകാരന്

നൽകിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാനും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാത്തതിനും സ്പിൽ ഓവറായി 2018-19 വർഷം ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിരുന്നില്ല. സെപ്റ്റിക് ടാങ്ക് നിർമ്മാണം ഉദ്ദേശിച്ച് പ്രോജക്ട് തയ്യാറാക്കിയിട്ട് കുഴിയെടുത്ത് മാത്രം പ്രവൃത്തി അവസാനിപ്പിച്ചത് പാഴ്ച്ചെലവാണ്. ടോയ്‌ലറ്റ് നിർമ്മാണം ആസൂത്രണം ചെയ്യാതെ സെപ്റ്റിക് ടാങ്ക് മാത്രം നിർമ്മിക്കാൻ പ്രോജക്ട് തയ്യാറാക്കിയതിലും അപാകത കാണുന്നു. പരിസരവാസികൾ തടസ്സപ്പെടുത്തിയത് മൂലം പണി തുടരാനായില്ലായെന്ന് അസി.എഞ്ചിനീയർ അറിയിച്ചിരുന്നു. പഞ്ചായത്ത് വക ആസ്തിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നത് മറികടന്ന് കരാറുകാരന് പ്രവൃത്തി പൂർത്തിയാക്കാനുള്ള സാഹചര്യം ഗ്രാമപഞ്ചായത്ത് നൽകേണ്ടിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തി കുഴിയെടുക്കൽ മാത്രമായി ചുരുക്കിയത് മൂലം പഞ്ചായത്ത് ഫണ്ട് പാഴ്ചെലവായ സ്ഥിതിവിശേഷമാണ്. ഈ സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 9330/- രൂപയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കൃഷ്ണൻകുട്ടി ബാധ്യതപ്പെട്ടിരിക്കുന്നു.

### 3-4 നിയമാനുസൃതകാലയളവിൽ കരാർ തയ്യാറാക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പ്രോജക്ട് | 68/2019, സ്രാഹൽപടി-വാര്യത്ത്പടി കോളജ് റോഡ് റീടാറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ചെലവ് | തനത്ഫണ്ട് 140000 രൂപ /138515 രൂപ<br>മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് 210000രൂപ /210000 |
| ചെലവ് വിവരം | 138515 /-ചെക്ക് നമ്പർ 2796729-28/3/2019<br>210000/- ക്യൂ ബില്ലായതിനാൽ 2019-20 ൽ തുക നല്കി<br>ആകെ 348515/- രൂപ |

സ്രാഹൽപടി-വാര്യത്ത്പടി കോളജ് റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്ക് കരാറുകാരനായി ശ്രീജോമോൻ എബ്രഹാം എന്നയാളെ 13/8/2018 ലെ2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും 23/8/18 ൽ 68/18-19 നമ്പർ സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. പൊതുമരാമത്ത് മാന്വൽ പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച തീയതി മുതൽ 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്ന് 10 ദിവസം പിഴയോട് കൂടിയും കരാർ വക്കുന്നതിന് അനുമതി നല്കാവുന്നതാണ്. ഇതു പ്രകാരം പിഴയില്ലാതെ 6/9/18 നകം കരാർ ചമക്കേണ്ടതായിരുന്നു. എന്നാൽ 22/9/18 ൽ കരാർ വച്ചയാളിൽ നിന്നും അംഗീകരിച്ച പി.എ.സിയുടെ 1% ആയ 3499/- രൂപ(349985*1%)പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.അപാകതയിൽ വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം അറിയിക്കേണ്ടതാണ്. പിഴ ഈടാക്കാത്തത് മൂലമുള്ള നഷ്ടത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കൃഷ്ണൻകുട്ടി ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27.05.2019, 28.05.2019 | കെ.എസ്.എ.കെ.ടി.എം.പി13/757/2019<br>തീയതി 11.06.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1. | ബ്ലോക്ക് പഞ്ചായത്ത് | 09.08.2018 31.03.2019 | 1135100 | ലൈഫ് ഭവന പദ്ധതി | 1100400 | 134700 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 200000 | ഗായത്രിപ്പടി വയലുങ്കൽപടി റോഡ് കോൺക്രീറ്റിങ് | *200000 | 0 |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 200000 | തലമടക്കൽപ്പടി പാണ്ഡവർകളരി റോഡ് | 0 | 200000 |
| 4. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 100000 | ആലക്കപ്പറമ്പ് പരിയാരംപടി റോഡ് കോൺക്രീറ്റിങ് | 100000 | 0 |
| 5. | ബ്ലോക്ക് പഞ്ചായത്ത് | 01.02.2019 | 750514 | സോളാർ ലൈറ്റ് സ്ഥാപിക്കൽ | 0 | 750514 |
| 6. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 100000 | പെയിൻ & പാലിയേറ്റിവ് കെയർ | 100000 | 0 |
| 7. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 300000 | പെരുമ്പുഴക്കുന്ന് കുടിവെള്ള പദ്ധതി | 198716 | 101284 |
| 8. | ബ്ലോക്ക് പഞ്ചായത്ത് | 13.03.2019 | 200000 | അമലക്കുന്ന് കുടിവെള്ള പദ്ധതി | 42308 | 157692 |
| 9. | ബ്ലോക്ക് പഞ്ചായത്ത് | 27.03.2019 | 71875 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 71875 | 0 |
| 10. | ജില്ലാ പഞ്ചായത്ത് | 01.02.2019 | 489408 | ലൈഫ് ഭവന പദ്ധതി | 489408 | 0 |
| 11. | ജില്ലാ പഞ്ചായത്ത് | 23.03.2019 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| | ആകെ | | 36,46,897 | | 24,02,707 | |

ജോയിന്റ് വെഞ്ചർ ഫണ്ടിന്റെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ

നിലനിൽക്കുന്നു.

* ഗായത്രിപ്പടി വയലുങ്കൽപ്പടി റോഡ് കോൺക്രീറ്റിങ്ങിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 200000/- രൂപ, ജോയിന്റ് വെഞ്ചറിനുള്ള ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിൽ (A/c No. 799011400001128) ലഭ്യമായെങ്കിലും, ടി തുക സെക്രട്ടറിയുടെ പേരിലുള്ള മറ്റൊരു ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ (A/c No. 708021400000011) നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ, സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിൽ വ്യത്യാസം നിലനിൽക്കുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനായി 27.03.2019ലും, തുടർന്ന് 29.09.2019 തീയതിയിലും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ എ2 -234/ 2019 നം. കത്ത് പ്രകാരം, വിഷയം ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി, വെയ്സ് & മീൻസ്, ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നാളിതുവരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. അപാകത നിലനിൽക്കുന്നു.

പെയിൻ & പാലിയേറ്റീവ് കെയർ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയ 24800/- രൂപ റീക്കൂപ് ചെയ്ത് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത് ജോയിന്റ് വെഞ്ചറിനുള്ള ട്രഷറി സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലാണ്. അപാകത നിലനിൽക്കുന്നു.

ഐ.സി.ഡി.എസ് കേന്ദ്ര വിഹിതമിനത്തിലുള്ള തുകയായ 3,34,544/- രൂപ, ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, B-4 ഷെഡ്യൂളിലെ ബന്ധപ്പെട്ട ജോയിന്റ് വെഞ്ചർ ശീർഷകത്തിലെ തുകകളിൽ വ്യത്യാസം നിലനിൽക്കുന്നു. കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ B-4, B-17 ഷെഡ്യൂളുകൾ [ജോയിന്റ് വെഞ്ചർ] തമ്മിൽ 1,15,456 /- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2018-19 വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ബിൽ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21800012, 21800027, 21800028, 21800029<br>ചെക്ക് നം. 211445, 211446, 211441, 211440 | 8595922 | 0 | 8595922 |
| മൈനർ ഇറിഗേഷൻ | കനാൽ ഡീപ്പെനിംഗ്, ചെക്ക് ഡാം നിർമ്മാണം | 218001038<br>ചെക്ക് നം : 211456 | 868933 | 0 | 868933 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി HUDCOയിൽ നിന്നും അനുവദിച്ച വായ്പ | --- | --- | 28,80,000 | --- | --- | 28,80,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14,61,283 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 89,781 |
| ആകെ | 15,51,064 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,51,064 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കാനറ ബാങ്ക്, മണർകാട്<br>അക്കൗണ്ട് നം. 0779401001414/17 | 15,51,064 |
| ആകെ | 15,51,064 |

## 4-7 ഓഡിറ്റ് റിക്കവറി

സ്ഥാപനത്തിൽ പരിപാലിച്ചുവരുന്ന ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം, 2018-19 സാമ്പത്തിക വർഷത്തിൽ റിക്കവറി ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

2013-14 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം നിരാകരിച്ച 25,000/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി അനിത എ. തോമസിൽ നിന്ന് ഈടാക്കുന്നതിന് കെ.എസ്.എ. 12926/സ്പെ.സെൽ./സി.എസ്.സി.-സി13/2015/30.12.2015 പ്രകാരം സർചാർജ്ജ് നോട്ടീസ് നൽകി. 9.11.2016-ലെ കെ.എസ്.എ. 12926/സ്പെ.സെൽ/ സി.എസ്.സി/സി13/2015 കത്ത് മുഖേന നഷ്ട തുക ഈടാക്കിയതിന്റെ വിവരം

ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം 6.1.2017-ലെ കെ.എസ്.എ.കെ.ടി.എം. പി15/820/2016 കത്ത് മുഖേന സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച നടപടി ഇനിയും തീർപ്പാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 15,34,74,938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,10,64,662 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47,659 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,49,71,583 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 18198 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | - | 16632 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | 9330 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | - | 3499 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | 47659 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 34,506 | ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി |
| 1-16 | 83,256 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 95,708 | ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി |
| 1-21 | 15,75,230 | ശ്രീ.ബിജുകുമാർ എം.,സെക്രട്ടറി |
| | 34,91,305 | ശ്രീ.കെ.എൻ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |
| | 1,92,54,799 | ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി |
| 1-24 | 20,000 | ശ്രീ.വി.കെ.രാജീവ്, സെക്രട്ടറി |
| 1-28 | 71,176 | ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 3,45,603 | ശ്രീമതി സനുജാ കുമാരി റ്റി.എസ്., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

| | | |
|---|---|---|
| ആകെ | 2,49,71,583 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ കൃഷ്ണൻ കുട്ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മണർകാട് ഗ്രാമപഞ്ചായത്ത് | വെള്ളാപ്പള്ളിയിൽ<br>സൗത്ത് പാമ്പാടി<br>പി.ഒ.<br>കോട്ടയം 686587 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | കെ എസ് എ കെടിഎം പി13-അദാ-18/189(1)1-2-18. | 3 |
| 2004-05 | കെ എസ് എ കെടിഎം പി13-അദാ-18/189(2)1-2-18. | 4 |
| 2005-06 | കെ എസ് എ കെടിഎം പി13-അദാ-18/189(3)1-2-18. | 3 |
| 2006-07 | കെ എസ് എ കെടിഎം പി13-അദാ-18/189(4)1-2-18. | 8 |
| 2007-08 | കെ എസ് എ കെടിഎം പി13-അദാ-18/189(5)1-2-18. | 6 |
| 2008-09 | കെ എസ് എ കെടിഎം പി13-അദാ-18/189(9)1-2-18. | 3 |
| 2009-10 | കെ എസ് എ കെടിഎം പി13-അദാ-18/189(7)1-2-18. | 2 |
| 2010-11 | കെ എസ് എ കെടിഎം പി13-അദാ-18/189(8)1-2-18. | 4 |
| 2011-12 | കെ എസ് എ കെടിഎം പി13-അദാ-18/189(6)1-2-18. | 4 |
| 2012-13 | എൽ.എഫ്.കെ.പി.12-825/14/11.8.15 | 17 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12-241/16/16.03.16/26.03.16 | 9 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13-1129/16/29.05.17 | 24 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1737/16/21.11.16 | 23 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1384/17/23.01.18 | 23 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി13-1958/18/15.11.18 | 22 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം ഓഡിറ്റ് സാക്ഷ്യപത്രം

നം. കെഎസ്എ-കെടിഎം.പി.13/177/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

ഫോൺ: 0481 2564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 19.03.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മണർകാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മണർകാട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**